## May-1





# UDAYADEEPA BELTHANGADY

## ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

Belthangady Diocesan Bulletin

Vol. X Issue. 05 May - 2019 Page- 48

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240



Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

# CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No.3/2019 | 5 |
| 2. | Circular No. 04/2019 | 10 |
| 3. | Message for World Day of Vocation : Pope Francis | 10 |
| 4. | Message of Easter : Pope Francis | 16 |
| 5. | Notifications from the Chancellery | 19 |
| 6. | Gaudete et Esultate : Pope Francis | 22 |
| 7. | Catechism Department News | 26 |
| 8. | Social Service Department | 31 |
| 9. | Family Apostolate | 34 |
| 10. | Youth Apostolate (SMYM) | 37 |
| 11. | KSMCA | 38 |
| 12. | Parish News | 41 |
| 13. | Bishop's Diary | 44 |
| 14. | Programme of the Bishop | 47 |




## വിശ്വാസ പരിശീലന വർഷാരാഭം

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"ഏക സത്യ ദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നാതാണ് നിത്യജീവൻ" (യോഹ 17 : 3)

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ഈ ഭൂമിയിലെ മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച്, അവിടുത്തെ വിശുദ്ധ പ്രമാണങ്ങൾ പാലിച്ച് നിത്യ ജീവൻ പ്രാപിക്കുക എന്നതാണ്. നിത്യ ജീവൻ പ്രാപിക്കുക എന്നതിൽ കുറഞ്ഞ് ഒരു ലക്ഷ്യവും മനുഷ്യന് ഉണ്ടാകരുത്. എന്നാൽ തിരുവചനം പറയുന്നു : "ഏക സത്യ ദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നാതാണ് നിത്യജീവൻ" അപ്പോൾ, നിത്യ ജിവൻ പ്രാപിക്കുക എന്നത് ദൈവത്തെ അറിയുക എന്നതാണ്. വിശുദ്ധ ഗ്രന്ഥത്തിൽ 'അറിയുക' എന്നാൽ ആഴമായ വ്യക്തി ബന്ധവും അനുഭവവുമാണ് ; ഇത് നാം സാധരണമായി പറയുന്ന അറിവിൽ നിന്ന് ഏറെ വ്യത്യസ്ഥമാണ്. ദൈവത്തെ അറിയുവാൻ സഭാമാതാവ് നമ്മെ സഹായിക്കുന്നത് നാം സാധരണ പറയുന്ന വേദപാഠക്ലാസ്സുകളിലൂടെയും മറ്റ് വിശ്വാസ സംബന്ധമായ പഠനങ്ങളിലൂടെയു മാണ്. ഈ ഇടയ ലേഖനത്തിലൂടെ മതബോധനത്തെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്. മുമ്പ് 'വേദപാഠം', 'മതബോധനം' എന്നൊക്കെ നാം വിളിച്ചിരുന്നതിനെ ഇന്ന് 'വിശ്വാസ പരിശീലനം' എന്നാണ് നാം വിളിക്കുന്നത്. ഈ വാക്കാണ് വിശ്വാസം

കൈമാറുന്നതിന് കൂടുതൽ പര്യാപ്തം . ഏങ്കിലും പ്രയോഗികതയെ പരിഗണിച്ച് 'മതബോധനം' എന്നാണ് ഈ ലേഖനത്തിൽ ഉപയോഗിക്കുന്നത്.

ദൈവം സൃഷ്ടപ്രപഞ്ചത്തിലൂടെ തന്നെതന്നെ വെളുപ്പെടുത്തിയിട്ടുണ്ട്. "സൃഷ്ടികളുടെ ശക്തി സൗന്ദര്യങ്ങളിൽ നിന്ന് അവയുടെ സൃഷ്ടാവിന്റെ ശക്തി സൗന്ദര്യങ്ങളെ കുറിച്ച് അറിയണം''(ജ്ഞാനം13 : 5)എന്ന് ജ്ഞാനത്തിന്റെ പുസ്കതത്തിൽ നാം വായിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായിലൂടെ പരിശുദ്ധാത്മാവ് ഇങ്ങനെ പറയുന്നു: "ലോക സൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യ പ്രകൃതി, അതായത് അവിടുത്തെ അനന്ത ശക്തിയും ദൈവത്വവും, സൃഷ്ട വസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട് ''(റോമ 1 :20). എന്നാൽ ഈ അറിവ് അപൂർണ്ണമായത്കൊണ്ട് ദൈവപുത്രനായ മിശിഹായിലൂടെയാണ് ദൈവത്തെക്കുറിച്ചുള്ള നിർണ്ണായകമായ അറിവ് കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യന് ലഭിച്ചത് (ഹെബ്ര 1 : 1). അപ്പോൾ, ദൈവത്തെ അറിയണമെങ്കിൽ ഈശോയെ അറിയണം; അവിടുത്തെ വചനം അറിയണം; അവിടുന്ന് വെളിപ്പെടുത്തിയ ദിവ്യരഹസ്യങ്ങൾ മനസ്സിലാക്കണം. നമ്മുടെ കർത്താവ് തന്റെ പിതാവിന്റെ പക്കലേക്ക് പോകുന്നതിന് മുമ്പ് ശിഷ്യൻമാരോട് ഇപ്രകാരം അരുളി ചെയ്തു: "ഞാൻ നിങ്ങളോട് കല്പ്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ ''(മത്താ 28 :20). ഈശോയുടെ അന്ത്യ മൊഴിയാണിത്! ഈ കൽപന തിരുസഭാ മാതാവ് നിറവേറ്റുവാൻ എക്കാലത്തും പരിശ്രമിചിട്ടുണ്ട്. തന്റെ നാഥന്റെ ഈ കൽപന നിറവേറ്റുന്നത് തന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയായി അവൾ എന്നും പരിഗണിച്ചിട്ടുണ്ട് ഇതിനെ സാധാരണയായി നാം പ്രേഷിത പ്രവർത്തനമെന്ന് വിളിക്കുന്നു.

സഭയിൽ പ്രേഷിത പ്രവർത്തനത്തെ സുവിശേഷ പ്രഘോഷണം എന്നാണ് മനസ്സിലാക്കുന്നത്. പ്രേഷിത പ്രവർത്തനം രണ്ട് രീതിയിലുണ്ട്:
1. വിജാതീയരുടെ ഇടയിലുള്ള സുവിശേഷ പ്രഘോഷണം(Ad Gentes)
2..വിശ്വാസം സ്വീകരിച്ചുള്ളവർക്കുവേണ്ടിയുള്ള സുവിശേഷ പ്രഘോഷണം. ഇതിൽ രണ്ടാമത്തെ സുവിശേഷ പ്രഘോഷണത്തെയാണ് ഇവിടെ നാം പ്രതിപാദിക്കുന്നത്. വിശ്വാസം സ്വീകരിച്ചവരെ അതിൽ ആഴപ്പെടുത്തുവാനും സ്ഥിരപ്പെടുത്തുവാനുമുള്ള പരിശ്രമമാണിത്. ഇതിനെ നാം മതബോധനം, വേദപാഠം, വിശ്വാസ പരിശീലനം എന്നൊക്കെ വിളിക്കുന്നു.



മാമ്മോദീസാ സ്വീകരിച്ച് സഭാംഗങ്ങളായവർക്ക് തുടർച്ചയായി വിശ്വാസ പരിശീലനം ആവശ്യമാണ്. ഇതിലൂടെയാണ് തങ്ങളുടെ ക്രൈസ്തവ ജീവിതത്തിൽ ആഴമേറിയ ബോദ്ധ്യങ്ങളും അറിവുകളും അനുഭവങ്ങളും ലഭിക്കുന്നത്. ഇതിലൂടെ തങ്ങളുടെ ജീവിതാനുഭവങ്ങളെ ദൈവ വചനത്തിന്റ വെളിച്ചത്തിൽ വ്യാഖ്യനിക്കുവാനും ജീവിതാനുഭവങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കുവാനും അവർ പ്രാപ്തരാകുന്നു. സഭാ ജീവിത അനുഭവങ്ങളുടെ - കൂദാശകൾ, തിരുനാളുകൾ, ജനന മരണ സംഭവങ്ങൾ മുതലയാവയുടെ - അർത്ഥം മനസ്സിലാക്കുന്നത് മതബോധനത്തിലുടെയാണ്. വിശ്വാസത്തെ സംബന്ധിച്ച് വ്യക്തമായ ബോധവൽക്കരണം മതബോധനത്തിലൂടെയാണ് നടക്കുന്നത്. ശരിയായ മതബോധനം ലഭിച്ചവർ വിശുദ്ധ കുർബ്ബാനയിലും മറ്റ് തിരുകർമ്മങ്ങളിലും പങ്കെടുക്കുമ്പോൾ അതിന്റെ അർത്ഥം മനസ്സിലാക്കി സജീവമായി പങ്കെടുക്കുന്നു. അതുകൊണ്ട് മതബോധനത്തിന് ക്രൈസ്തവ ആദ്ധ്യാത്മികതയിൽ വലിയ പ്രധാന്യമുണ്ട്.

മതബോധനം എല്ലാ പ്രായത്തിലുള്ളവർക്കും ആവശ്യമാണ്. ഒരോ പ്രായത്തിൽപ്പെട്ടവർക്കും അതിന് അനുയോജ്യമായ വിധത്തിൽ വേണം വിശ്വാസ പരിശീലനം നല്കുവാൻ. മുതിർന്നവർക്കുള്ള വിശ്വാസ പരിശീലനം (Adult Catechism) തിരുകർമ്മങ്ങളുടെ മധ്യേയുള്ള വചന പ്രഘോഷണത്തിലുടെ, ധ്യാനത്തിലുടെ, ചർച്ചാ ക്ലാസ്സുകളിലുടെ ,സെമിനാറുകളിലുടെ, തീർത്ഥയാത്രയിലൂടെ, പുസ്തക വായനയിലുടെ ഒക്കെയാണ് നടക്കുന്നത്. ഇന്ന് ഇന്റർനെറ്റിലൂടെ (whatsapp, Facebook, E-library) മുതലായവയിലൂടെയും വിശ്വാസ പരിശീലനം നടക്കുന്നുണ്ട്. സോഷ്യൽ മിഡിയായിലൂടെ ഇന്ന് വിശ്വാസ പരിശീലന രംഗത്ത് എറെ കാര്യങ്ങൾ നടക്കുന്നുണ്ട്. ഇന്നത്തെ തലമുറയക്ക് ഈ മധ്യമങ്ങളിലുടെയുള്ള വിശ്വാസ പരിശീലനം ആവശ്യമാണ്.

കുട്ടികൾക്കുള്ള വിശ്വാസ പരിശീലനത്തിന്റെ ഏറിയ പങ്ക് നടക്കുന്നത് സൺഡെ സ്കൂൾ വഴിയായിട്ടാണ്. സീറോ മലബാർ സഭയുടെ സൺഡെ സ്കൂൾ പ്രസിദ്ധമാണെന്നും ഫലപ്രദമാണെന്നും നമ്മുക്ക് ഒക്കെ അറിയാം. സൺഡെ സ്കൂൾ ക്ലാസ്സുകൾ വഴി നമ്മുടെ കുഞ്ഞുങ്ങൾക്ക് വിശ്വാസം പകർന്നുകൊടുക്കുവാൻ നാം ഏറെ ശ്രദ്ധിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ ബന്ധപ്പെട്ട എല്ലാവരും ഏറെ ത്യാഗം സഹിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. നമ്മുടെ വിശ്വാസം പച്ചപിടിച്ച് നിൽക്കുവാൻ സൻഡെ സ്കൂൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അധ്യാപിക - അധ്യാപകരെയും ബഹു. സിസ്റ്റേഴ്സിനെയും ബഹു. അച്ചന്മരെയും ബ്രദേഴ്സിനെയും

ഞാൻ ഹൃദയംഗമമായി അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. കുട്ടികൾക്ക് സൺഡെ സ്കൂൾ ക്ലാസ്സുകൾക്ക് പുറമേ ധ്യാനങ്ങൾ, പ്രാർത്ഥനാ കൂട്ടായ്മകൾ, സെമിനാറുകൾ, ഭക്ത സംഘ ടനകൾ, തീർത്ഥാടനങ്ങൾ ഒക്കെ വിശ്വാസ പരിശീലനം നേടുവാനുള്ള മാർഗ്ഗങ്ങളാണ്.

കുട്ടികളിൽ വിശ്വാസത്തിന്റെ ബീജം വിതക്കുന്നത് കുടുംബങ്ങളിലാണ്. "വിവാഹമെന്ന കൂദാശയിലൂടെ പ്രസാദവരത്തിലും അതിന്റെ ചുമതലകളാലും ധന്യമായ ക്രിസ്തീയ കുടുംബത്തിലാണ് ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച വിശ്വാസത്തിന് ഒത്ത വിധം ദൈവത്തെ അറിഞ്ഞ് ആരാധിക്കുവാനും അയൽക്കാരനെ സ്നേഹിക്കുവാനും ബാല്യം മുതൽക്കെ പഠിപ്പിക്കേണ്ടത് " (വിദ്യാഭ്യസം, 3) എന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ട് വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള മർമ്മ പ്രധാനമായ പങ്ക് അവർ ഓർത്തിരിക്കണം. സൺഡെ സ്കൂൾ പ്രവർത്തനങ്ങൾക്ക് മാതപിതാക്കളെ സഹായിക്കാൻ മാത്രമേ സാധിക്കുകയുള്ളു. മാതപിതാക്കൾ തങ്ങളുടെ മക്കൾക്ക് വീട്ടിൽ നല്ല വിശ്വാസ പരിശീലനം നൽക്കുന്നതോടൊപ്പം വേദപാഠ ക്ലാസ്സുകൾകളിലേക്ക് മുടങ്ങാതെ പറഞ്ഞയയാക്കനുള്ള ഗൗരവമേറിയ കടമയുണ്ട്. ഭൗതിക വിദ്യാഭ്യാസത്തിന് കൊടുക്കുന്നതിൽ കൂടുതൽ പ്രധാന്യം മതബോധനത്തിനുണ്ട് എന്ന് തിരിച്ചറിയണം. ആരൊക്കെ മതബോധനത്തിന് അർഹിക്കുന്ന പ്രധാന്യം കൊടുക്കുന്നില്ലയോ അവർ പിന്നിട് അതിനെ ക്കുറിച്ച് ഖേദിക്കും എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ഇന്നത്തെ ലോകം സഭാ ജീവിതത്തിനും ക്രിസ്തീയ വിശ്വാസത്തിനും വിരുദ്ധമായ പല നിലപാടുകളും പ്രലോഭനങ്ങളും കുട്ടികളുടേയും യുവജനങ്ങളുടേയും മുമ്പിൽ ആകർഷകമായി അവതരിപ്പിക്കുന്നുമുണ്ട്. ചിലരെങ്കിലും അവയുടെ പിന്നാലെ പോയി ജീവിതം തകർക്കുന്നണ്ട് എന്ന് നാം അറിയുന്നു. ജീവിതത്തിൽ സ്ഥായിയായി നിൽക്കുന്നത് നമ്മുടെ വിശ്വാസമാണെന്ന് മനസ്സിലാക്കി വിശ്വാസ പരിശീലനത്തിന് അർഹിക്കുന്ന പ്രധാന്യം നല്കണമെന്ന് സ്നേഹത്തോടെ മാതാപിതാക്കളെ ഞാൻ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രൂപതയുടെ ആരഭം മുതലേ മതബോധനത്തിന് വലിയ പ്രാധന്യം നാം നല്കി പോന്നിട്ടുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും സാമാന്യം നന്നായി തന്നെ മതബോധനം നടക്കുന്നുണ്ട് എന്നതിൽ ഞാൻ സന്തോഷിക്കുന്നു. ബന്ധപ്പെട്ടവരെ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു.



2019 - 20 ലെ അധ്യയന വർഷം ആരംഭിക്കുന്നത് 2019 ജൂൺ മാസം 2 നാണ്. എല്ലാവർക്കും അനുഗ്രഹപ്രദമായ അദ്ധ്യയന വർഷം ആശംസിക്കുന്നു. ഈ അദ്ധ്യയന വർഷം കൂടുതൽ ഫലപ്രധാമാക്കുവാൻ ബന്ധപ്പെട്ട എല്ലാവരും ആവശ്യമായ തയ്യാറെടുപ്പുകൾ മുൻകുട്ടി നടത്തണം. പാരിഷ് കൗൺസിൽ അംഗങ്ങൾ സൺഡെ സ്കൂളിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൽ ഒരുക്കുമ്പോൾ മതാധ്യാപകർ ക്ലാസ്സിനെ സംബന്ധിക്കുന്ന തയ്യാറെടുപ്പുകൾ മുൻകുട്ടി നടത്തണം. മാതപിതാക്കൾ എല്ലാ ഒത്താശയും ചെയ്യുന്നതോടൊപ്പം എല്ലാ കുട്ടികളെയും ജൂൺ 2 ന് തന്നെ സൺഡേ സ്ക്കുളിൽ ചേർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളിൽ വിശ്വാസം ആഴപ്പെടുത്തുവാൻ ആവശ്യമായ എല്ലാ കാര്യങ്ങളും നാം ചെയ്യണം. രൂപതാ കേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കണം. മതാധ്യാപകർ ചെയ്യുന്ന നിസ്വാർത്ഥമായ സേവനത്തെ നാം നന്ദിയോടെ സ്മരിച്ച് അവർക്ക് അർഹമായ അംഗീകാരം നല്കണം. വ്യത്യസ്ഥവും പ്രതികുലവുമായ സഹാച്യരത്തിൽ ജീവിക്കുന്ന നമ്മുടെ മക്കൾ വിശ്വാസ പരിശീലനത്തിലൂടെ ഈശോയെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്ത കൃപയാൽ നിറയപ്പെടുവാനും ഈ അദ്ധ്യയാന വർഷം സഹായിക്കട്ടെ.

"എന്റെ കർത്താവായ യേശു ക്രിസ്തുവിനെ പ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാണ് " (ഫലിപ്പി 3 :8) എന്ന് പ്രഘോഷിച്ച വി. പൗലോസ ശ്ലീഹായെപ്പോലെ ഈശോയെ കുറിച്ചുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാണെന്ന് മനസ്സിലാക്കുവാനും അത് സ്വന്തമാക്കുവാനും ഈശോ നമ്മെ അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
21 -04- 2019 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ ഇടയ ലേഖനം 12- 05- 2019 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

**Circular No. 04/2019**

സ്നേഹ ബഹു. വൈദികരേ,

നിലവിലുള്ള ബഹു. വൈദികരുടെ അലവൻസ് തുക 11,000.00 രൂപ 11,500.00 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. പള്ളി ജീവനക്കാർക്കും ആനുപാതികമായ വർദ്ധനവ് വരുത്തേണ്ടതാണ്. ഈ വിവരം ഇടവകാംഗങ്ങളെ അറിയിക്കേണ്ടതും, 2019 മെയ് മാസം മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

30.4.2019 — ബെൽത്തംഗഡി രൂപതയുടെ മെത്രൻ

---

## 2019 ലോകദൈവവിളി ദിനാചരണം
### ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത

പ്രീയ സഹോദരി സഹോദന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്തകാലത്ത്, മുപ്പതിനാലാം ലോകയുവജന ദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോക ദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടത്തോടു കൂടെയും അവിടത്തേക്കുവേണ്ടിയും അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി- വാഗ്ദാനം അപകട



സാധ്യത എന്നിവയെപ്പറ്റി ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷ വിവരത്തിൽ കാണാം.

രണ്ടു ഇരട്ട സഹോദരന്മാരെ – ശിമയോനും അന്ത്രയോസും യാക്കോബും യോഹന്നാനും തങ്ങളുടെ അനുദിന തൊഴിലായ മീൻപിടുത്തതിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലിയിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതി ശക്തികളെ വെല്ലുവിളിക്കേണ്ടി വന്നു. ചില ദിവസങ്ങളിൽ മീൻ പിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി. എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല.

ക്ഷീണിച്ചും നിരാശരായും കടൽത്തീരേത്തക്കു തിരിച്ചുപോകേണ്ടിവന്നു.ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴിയിൽ മുന്നേറാനുള്ള പ്രത്യാശയുടെ കടൽ സഞ്ചാരം നടത്തുന്നു. സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ. ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം അല്ലെങ്കിൽ വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഒരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപറ്റി സുവിശേഷം പറയുന്നു.യോശു അടുത്തുകൂടെ കടന്നുപോകുന്നു,മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നു ചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതു തന്നെ സംഭവിച്ചു. നമ്മൽ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽകണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് യേശു ആ മീൻപിടുത്തക്കാരെ സമീപിച്ചു. അന്നു കർമ്മങ്ങളുടെ മരവിപ്പിക്കൽ തകർത്തുകൊണ്ട് അങ്ങനെ ചെയ്തു( 22 സമർപ്പിത

ദിനാഘോഷ പ്രഭാഷണം, 2 ഫെ 2018). അവിടുന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു. ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും (മർക്കോ 1 :17).

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗ ജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിന ജീവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ വിവിധ വഴികളിലൂടെ വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടക്കുന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു

നല്കാതിരിക്കാനുള്ള ആഹ്വാനമാണ്. യേശു നമുക്കുവേണ്ടി അടയാളപ്പെടുത്തിയ നമ്മുടെ സന്തോഷത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കുവേണ്ടി വേണ്ടി വഴികളിലൂടെ യേശുവിനെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭവികമായി ഒരു തീരുമാനമെടുത്തുകൊണ്ട് അപകടസാധ്യത നേടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യൻമാർ പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടുത്തെ പിന്തുടർന്നു(മർക്കോ 1 : 18) കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരിടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധപ്പിക്കുന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതുമായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനിശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃതമായ സമുദ്രം കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ



നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയൊ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വാസിച്ച് ആശ്രയിക്കണം.

ഒന്നാമതായി ക്രൈസ്തവ ജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിഴി മാമ്മോദീസയിൽ നമ്മൾ എല്ലാവരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല പിന്നെയോ ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു. സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖരിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രൻന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവ ജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത്. പ്രത്യേകിച്ച്, ലിറ്റർജിയിലുടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാശകളുടെ കൃപാവരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥനയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവസാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയ ജീവിതത്തിലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതുകൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവ ജീവിതം ആ തീരുമാനങ്ങളിൽ പ്രകാശം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ മാർഗനിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരുമാനത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്നപോലെ അത് ജോലിയോടും പ്രൊഫഷണൽ ജീവിതത്തോടും കൂടിയതാണ്. പരസ്നേഹത്തോടും ഐക്യദാർഢ്യത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പലതിനോടും കൂടിയതാണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി എന്നിവയുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്രമല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാ

ണ്ത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈരാജ്യത്തിന്റെ യഥാർത്ഥ സാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീലവിതത്തിലോക്കോ പൗരോഹിത്യത്തിലേക്കോ ഉള്ള ദൈവ വിളിയുടെ ആകർഷകത്വം അനുഭവപ്പെട്ടേക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെത്തലാണത്. അതേസമയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടിക്കുന്നവരാകാൻ വളിക്കപ്പെട്ടിരിക്കുന്നതായി നമുക്കി തോന്നും. സുവിശേഷത്തിനും സഹോദരീ സഹോദരന്മാർക്കും പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ . അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗമിക്കാനും നമ്മെ പൂർണ്ണമായി അവിടുത്തേക്കു സമർപ്പിക്കാനും അവിടുത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപകടസാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം. പ്രത്യേകിച്ച് വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമിലെന്നു തോന്നിപ്പോകുക. നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും'' സാധ്യതയുള്ള സാഹചര്യങ്ങളാണവ.

എന്നാലും സ്വജീവൻ കർത്താവിനുവേണ്ടി അപകടസാധ്യതയിലെതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.കർത്താവിന്റെ വിളിക്കുനേരെ ചെവിയടക്കരുത്. ഈ വഴി പിന്തുടരാൻ അവിടന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടുന്നിൽ വിശ്വാസിക്കുക, ഭയപ്പെടരുത്. കർത്താവ് ചൂണ്ടികാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താവിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജിവമാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടന്ന് വാഗ്ദാനം ചെയ്യുന്നുവെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുകളെ, നമ്മുടെ ദൈവവിളി തിരിച്ചറിയാനും ജീവിതത്തെ നേർവഴിക്കു നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് -വൈദികർ,സന്ന്യസ്തർ, അജപാലപ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃത സമർപ്പണമുമണ്ടാകണം. യുവജനങ്ങൾക്ക് കേൾക്കാനും



തിരിച്ചറായാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജന ശുശ്രൂഷയും വിളി വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്, സർവോപരി പ്രാർത്ഥന, ദൈവ വചന ധ്യാനം, ദിവ്യകാരുണ്യാരാധന, അധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പലപ്രവിശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകടസാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളലായിരുന്നു അത്. അപകട സാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളൽ. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു. നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ നടപ്പാക്കേണ്ട എന്തും വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്. മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മുന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണ്ണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻക്കൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം,പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാ ദിനത്തിൽ നമുക്ക് ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹ പദ്ധതി കണ്ടെത്താനും അവിടന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചിയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.

**ഫ്രാൻസിസ് മാർപാപ്പാ**

## HOMILY OF HIS HOLINESS POPE FRANCIS
## EASTER MESSAGE

"Christ is alive! He is hope and youth for each of us and for the entire world. May we let ourselves be renewed by him! Happy Easter!"

Dear Brothers and Sisters, Happy Easter!

Today the Church renews the proclamation made by the first disciples: "Jesus is risen!" And from mouth to mouth, from heart to heart, there resounds a call to praise: "Alleluia, Alleluia!" On this morning of Easter, the perennial youth of the Church and of humanity as a whole, I would like to address each of you in the opening words of my recent Apostolic Exhortation devoted especially to young people:

"Christ is alive! He is our hope, and in a wonderful way he brings youth to our world. Everything he touches becomes young, new, full of life. The very first words, then, that I would like to say to every young Christian are these: Christ is alive and he wants you to be alive! He is in you, he is with you and he never abandons you. However far you may wander, he is always there, the Risen One. He calls you and he waits for you to return to him and start over again. When you feel you are growing old out of sorrow, resentment or fear, doubt or failure, he will always be there to restore your strength and your hope" (Christus Vivit, 1-2).

Dear brothers and sisters, this message is also addressed to every person in the world. The resurrection of Christ is the principle of new life for every man and every woman, for true renewal always begins from the heart, from the conscience. Yet Easter is also the beginning of the new world, set free from the slavery of sin and death: the world open at last to the Kingdom of God, a Kingdom of love, peace and fraternity.

Christ is alive and he remains with us. Risen, he shows us the light of his face, and he does not abandon all those experiencing hardship, pain and sorrow. May he, the Living One, be hope for the beloved Syrian people, victims of an ongoing conflict to which we risk becoming ever more resigned and even indifferent. Now is instead the time for a renewed commitment for a political solution able to respond to people's legitimate hopes for



freedom, peace and justice, confront the humanitarian crisis and favour the secure re-entry of the homeless, along with all those who have taken refuge in neighbouring countries, especially Lebanon and Jordan.Easter makes us keep our eyes fixed on the Middle East, torn by continuing divisions and tensions. May the Christians of the region patiently persevere in their witness to the Risen Lord and to the victory of life over death. I think in particular of the people of Yemen, especially the children, exhausted by hunger and war. May the light of Easter illumine all government leaders and peoples in the Middle East, beginning with Israelis and Palestinians, and spur them to alleviate such great suffering and to pursue a future of peace and stability.

May conflict and bloodshed cease in Libya, where defenceless people are once more dying in recent weeks and many families have been forced to abandon their homes. I urge the parties involved to choose dialogue over force and to avoid reopening wounds left by a decade of conflicts and political instability.

May the Living Christ grant his peace to the entire beloved African continent, still rife with social tensions, conflicts and at times violent forms of extremism that leave in their wake insecurity, destruction and death, especially in Burkina Faso, Mali, Niger, Nigeria and Cameroon. I think too of Sudan, presently experiencing a moment of political uncertainty; it is my hope that all voices will be heard, and that everyone will work to enable the country to find the freedom, development and well-being to which it has long aspired.

May the Risen Lord accompany the efforts of the civil and religious authorities of South Sudan, sustained by the fruits of the spiritual retreat held several days ago here in the Vatican. May a new page open in the history of that country, in which all political, social and religious components actively commit themselves to the pursuit of the common good and the reconciliation of the nation.

May this Easter bring comfort to the people of the eastern regions of Ukraine, who suffer from the continuing conflict. May the Lord encourage initiatives of humanitarian aid and those aimed at pursuing a lasting peace.

May the joy of the resurrection fill the hearts of those who on the American continent are experiencing the effects of difficult political and economic situations. I think in particular of the Venezuelan people, of all those who lack the minimal conditions for leading a dignified and secure life due to a crisis that endures and worsens. May the Lord grant that all those with political responsibilities may work to end social injustices, abuses and acts of violence, and take the concrete steps needed to heal divisions and offer the population the help they need.May the Risen Lord shed his light on the efforts made in Nicaragua to find as rapidly as possible a peaceful negotiated solution for the benefit of the entire Nicaraguan people.

Before the many sufferings of our time, may the Lord of life not find us cold and indifferent. May he make us builders of bridges, not walls. May the One who gives us his peace end the roar of arms, both in areas of conflict and in our cities, and inspire the leaders of nations to work for an end to the arms race and the troubling spread of weaponry, especially in the economically more advanced countries. May the Risen Christ, who flung open the doors of the tomb, open our hearts to the needs of the disadvantaged, the vulnerable, the poor, the unemployed, the marginalized, and all those who knock at our door in search of bread, refuge, and the recognition of their dignity.

Dear brothers and sisters, Christ is alive! He is hope and youth for each of us and for the entire world. May we let ourselves be renewed by him! Happy Easter!

Pope Francis
21-4-2019

Copyright- Libreria Editrice Vaticana





# രൂപതാകാര്യാലയം

## 1) Pope's Monthly Intention for May 2019

*"ആഫ്രിക്കൻ സഭയുടെ സുവിശേഷവൽക്കരണം അതിന്റെ അംഗങ്ങളുടെ പ്രതിബന്ധതയിലൂടെ അവളുടെ ജനതകളുടെ ഇടയിലുള്ള ഐക്ക്യത്തിലൂടെ ആ ഭൂഖണ്ഡത്തിന്റെ പ്രത്യാശയുടെ അടയാളമായി നിലകൊള്ളുവാനായി നമുക്ക് പ്രാർത്ഥിക്കാം.*

## 2) ഓർമിക്കേണ്ട ദിവസങ്ങൾ

1 ഉയിർപ്പ് രണ്ടാം ബുധൻ
♦ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്

2. ഉയിർപ്പ് രണ്ടാം വ്യാഴം ♦ വി. അത്തനേഷ്യസ് മെ.

3 ഉയിർപ്പ് രണ്ടാം വെള്ളി
♦ വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ

5 ഉയിർപ്പ് മൂന്നാം ഞായർ

6 ഉയിർപ്പ് മൂന്നാം തിങ്കൾ ♦ വി. ഡോമിനിക്ക് സാവിയോ

12 ഉയിർപ്പ് നാലാം ഞായർ

14 ഉയിർപ്പ് നാലം ചൊവ്വ ♦ വി.മത്തിയാസ് ശ്ലീഹാ

18 ഉയിർപ്പ് നാലം ശനി ♦ മാർ അദ്ദായി

19 ഉയിർപ്പ് അഞ്ചാം ഞായർ

26 ഉയിർപ്പ് ആറാം ഞായർ

30 ഉയിർപ്പ് ആറാം വ്യാഴം
നമ്മുടെ കർത്താവിന്റെ സ്വർഗോരോഹണം

31 ഉയിർപ്പ് ആറാം വെള്ളി
പരി. കന്യകാമറിയത്തിന്റെ സന്ദർശനം

### 3) Let us pray for Rev., Priests' :

**Birth day**



| | |
|---|---|
| Thomas Kallupuraparambil | 07 |
| Joseph Mattam | 11 |
| Theruvamkunnel Joseph MCBS | 16 |
| Thomas Parekattil | 20 |
| Joseph Achandy CMI | 25 |
| Thomas Puthiyara | 26 |
| Mathew Vellachalil | 31 |

**Ordination Day**

| | |
|---|---|
| Joseph Achandy CMI | 06 |

### 4) വൈദിക സമ്മേളനവും വി. മൂറോൻ വെഞ്ചിരിപ്പും

വൈദിക സമ്മേളനം ഏപ്രിൽ മാസം 2- ാം തീയതി വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് 3-ാം തീയതി ഉച്ച കഴിഞ്ഞ് 12 മണിയോടെ സമാപിച്ചു. 3- ാം തീയതി രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് അഭി. മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. മൂറോൻ വെഞ്ചിരിപ്പ് നടത്തി. പെരിയ ബഹു. മാത്യു എം ചാലിൽ അച്ചൻ നോമ്പുകാല സന്ദേശം നല്ക്കുകയും വൈദികരെ കുമ്പസാരത്തിന് ഒരുക്കുകയും ചെയ്തു.

### 5) വികാരി മാറ്റ റിപ്പോർട്ട് :

സ്ഥലം മാറ്റമുള്ള ബഹു. വികാരിയച്ചന്മാർ ഇടവക മാറി പോകുമ്പോൾ രൂപതാനിയമാവലി (no. 293-294) പ്രകാരം വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കുകയും പുതിയ വികാരിയെ ഏൽപിക്കേണ്ടതുമാണ്. പുതിയ വികാരി ചുമതലയേറ്റ് 15 ദിവസത്തിനകം ഒപ്പിട്ട കോപ്പി രൂപതാകച്ചേരിയിൽ എത്തിക്കേണ്ടതാണ്.



### 6) വാർഷിക തെരട്ട് :

പള്ളികളുടെയും വാർഷിക തെരട്ടുകൾ രൂപതാകച്ചേരിയിൽ കൊണ്ടുവരേണ്ടതാണ്. (തെരട്ട് പുസ്തകം, തെരട്ട് ഫോം പൂരിപ്പിച്ചത്, ബാങ്ക് പാസ് പുസ്തകങ്ങൾ, എഫ്.ഡി.രശീതുകൾ, 2018-19 വാർഷിക ബജറ്റ്, 2018-19 ആണ്ടിലെ രൂപതയിൽ അടയ്ക്കാൻ ബാക്കിയുള്ള പൊതു പിരിവുകളുടെ തുകകൾ, കത്തീഡ്രാറ്റിക്കും, യോഗപുസ്തകം, വാർഷിക പൊതുയോഗതീരുമാനങ്ങളുടെ അരമന പത്രത്തിൽ എഴുതിയ ഒരിജിനലും കോപ്പിയും).

7) പിരിവ് : **Catechetical Sunday Collection - 26th May 2019**

**Fr. Lawrence Ponoolil**
**Chancellor**



**Apostolic Exhortation**
**Gaudete et Esultate of the Holy Father Francis on the call to Holiness in Today's world.**
**ആനന്ദിച്ച് ആഹ്ലാദിക്കുവിൻ**

**സ്നേഹത്തെ കളങ്കപ്പെടുത്തുന്നവയിൽ നിന്നെല്ലാം ഹൃദയത്തെ കാത്തുസൂക്ഷിക്കുക : അതാണ് വിശുദ്ധി.**
**"സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും".**

**89.** ഈ സുവിശേഷ സമാധാനം ഉളവാക്കുന്നത് എളുപ്പമുള്ള കാര്യമല്ല, കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരെയും ബുദ്ധിമുട്ടുണ്ടാക്കുന്നവരെയും വ്യത്യസ്തത പുലർത്തുന്നവരെയും വെല്ലുവിളി ഉയർത്തുന്നവരെയും ജീവിതം അടിച്ചു വീഴ്ത്തിയവരെയും ഒന്നിലും താത്പര്യം ഇല്ലാത്തവരെയും കൂടി ഉൾക്കൊളുളുന്നു. ഇത് കഠിനാധ്വാനമാണ് ;ഇത് കടലാസിൽ ഒരു സമവായം ഉണ്ടാക്കലോ സംതൃപ്തമായ ഒരു ന്യൂനപക്ഷത്തിനായി അല്പായുസ്സായ സമാധാനം സൃഷ്ടിക്കലോ ഏതാനും പേർ ഏതാനും പേർക്കായി തയ്യാറാക്കുന്ന ഒരു പദ്ധതിയോ അല്ല അതിനാൽ മനസ്സിന്റെയും ഹൃദയത്തിന്റെയും വലിയ തുറവ് ഇതാവശ്യപ്പെടുന്നു. ഇതിന് സംഘട്ടനത്തോട് അവഗണനയോ അനാസ്ഥയോ കാണിക്കുവാനും കഴിയില്ല. പകരം സംഘട്ടനത്തെ നേരിട്ട് അഭിമുഖീകരിച്ച് പരിഹരിച്ച് ഒരു പുതിയ പ്രക്രിയയുടെ ചങ്ങലയിൽ അതിനെ ഒരു കണ്ണിയാക്കണം. എന്തെന്നാൽ സമാധാന നിർമ്മിതി ഒരു രചനാവൈദഗ്ധ്യമായതിനാൽ അതിന് നാം പ്രശാന്തതയും സൃഷ്ടിപരതയും സംവേദനക്ഷമതയും വൈദഗ്ധ്യവും ഉള്ള വിദഗ്ധനിർമ്മാതാക്കൾ ആവേണ്ടതുണ്ട്. നമുക്കുചുറ്റും സമാധാനം വിതയ്ക്കുക അതാണ് വിശുദ്ധി

**നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ ;സ്വർഗരാജ്യം അവരുടേതാണ്.**

**90** യേശു നിർദ്ദേശിക്കുന്നത് ഒഴുക്കിനെതിരെ സഞ്ചരിക്കാനുള്ള വഴി തന്നെയാണന്ന് അവിടുന്നു തന്നെ നമുക്കു മുന്നറിയിപ്പു നല്കുന്നു. നമ്മുടെ ജീവിതരീതിയിലുടെ നാം ജീവിക്കുന്ന സമൂഹത്തെ വെല്ലുവിളിക്കുവാനും അതിന്റെ ഫലമായി അവിടെ ഒരു ശല്യമായവരെ മാറാനുമാണത്. നീതിക്കുവേണ്ടി പോരാടുന്നു എന്ന ഒറ്റക്കാരണത്താൽ, ദൈവത്തോടും സഹോദരരോടുമുള്ള തങ്ങളുടെ പ്രതിബദ്ധത ഗൗരവമായി എടുക്കുന്നു എന്നതുകൊണ്ട് എത്രയോ പേരാണ് മതപീഡനത്തിനിരയായിട്ടുള്ളത് എന്നും ഇന്നും പീഡിപ്പിക്കപ്പെടുന്നു എന്നും അവിടുന്ന് നമ്മെ ഓർമ്മപ്പിക്കുന്നു. ഇരുളടഞ്ഞ മന്ദോഷ്ണസ്ഥിതിയിലേക്ക് മുങ്ങിത്താഴുവാൻ നാം ആഗ്രഹിക്കുന്നില്ലെങ്കിൽ, നമുക്ക് ഒരു അനായാസ ജീവിതത്തിനായി ആഗ്രഹിക്കാതിരിക്കാം, എന്തെന്നാൽ സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതുനഷ്ടപ്പെടുത്തും.

**91.** സുവിശേഷം ജീവിക്കുന്നതിൽ എല്ലാം എളുപ്പമായിരിക്കും എന്ന് നാം പ്രതീക്ഷിക്കാരുത്. എന്തെന്നാൽ നമ്മുടെ പാതയിൽ അധികാരദാഹവും ലൗകിക താൽപര്യങ്ങളും തടസ്സമുണ്ടാക്കും . ആത്മദാനവും ജനങ്ങൾക്കിടയിലുള്ള ഐക്യദാർഢ്യവും കൈവരുത്തുവാൻ സാമൂഹിക സംവിധാനങ്ങളും ഉത്പാദനവും ഉപഭോഗവും പ്രയാസങ്ങളുണ്ടാക്കുന്നതായാൽ ആ സമൂഹം അനുവത്ക്കരിക്കപ്പെടും എന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ നിരിക്ഷിച്ചു. അത്തരം ഒരു സമൂഹത്തിൽ രാഷ്ട്രീയവും ബഹുജന സമ്പർക്കാമാധ്യമങ്ങളും സാമ്പത്തികവും സാംസ്കാരികവും മതപരവുമായ സംവിധാനങ്ങൾ എന്നിവ പോലുമുള്ള സ്ഥാപനങ്ങളും യഥാർത്ഥമായ മാനുഷിക -സാമുഹിക വികസനത്തിന് തടസ്സമുണ്ടാക്കത്തക്കവിധം കുടുക്കിലാക്കപ്പെടുന്നു. തത്ഫലമായി സുവിശേഷ ഭാഗ്യങ്ങൾ അനായാസം ജീവിക്കാനാവുന്നവയല്ല. അതിനുള്ള ഏത് പരിശ്രമവും നിഷേധാത്മകമായും സംശയത്തോടെയും വീക്ഷിക്കപ്പെടാം പരിഹസിക്കപ്പെടുകയും ചെയ്യാം.

**92.** സ്നേഹത്തിന്റെ കല്പന ജീവിക്കുന്നതിനും നീതിയുടെ പാതയെ പിൻചെല്ലുന്നതിനും നാം അനുഭവിക്കേണ്ടി വരാവുന്ന എല്ലാ മടുപ്പിലും വേദനയിലും, കുരിശ് നമ്മുടെ വളർച്ചയുടെയും വിശുദ്ധീകരണത്തിന്റെയും സ്രോതസായി നിലനിൽക്കും. സുവിശേഷത്തിനുവേണ്ടി സഹനമനുഭവിക്കേണ്ടിവരുമെന്ന് പുതിയനിയമം നമ്മോട് പറയുമ്പോൾ അത് കൃത്യമായും ഉദ്ദേശിക്കുന്നത് മതപീഡനങ്ങളെയാണ്.

**93.** ഇവിടെ നാം പ്രതിപാദിക്കുന്നത് മറ്റുള്ളവരോടുള്ള മോശമായ പെരുമാറ്റത്തിലൂടെ നമുക്ക് ഉണ്ടാകാവുന്ന പീഡനാങ്ങളെക്കുറിച്ചല്ല, പിന്നെയോ, നമുക്ക് അനിവാര്യമാകുന്ന മതപീഡനത്തെക്കുറിച്ചാണ്. വിശുദ്ധർ ദുരഭിമാനവും നിഷേധാത്മകതയും വിദ്വേഷവും മൂലം ഒറ്റയാന്മാരോ, മാറിനിൽക്കുന്നവരോ അല്ല. ക്രിസ്തുവിന്റെ അപ്പോസ്തലന്മാരും

അങ്ങനെ ആയിരുന്നില്ല. അപ്പസ്തോല പ്രവർത്തനങ്ങളിൽ ആവർത്തിച്ചു പറയുന്നത്, അവർ അധികാരികളിൽ ചിലരാൽ പീഡിപ്പിക്കപ്പെടുകയും ക്ലേശിപ്പിക്കപ്പെടുകയും ചെയ്തുവെങ്കിലും എല്ലാവരുടെയും സ്നേഹം ആർജ്ജിച്ചു എന്നാണ്.

**94.** മതപീഡനാങ്ങൾ കഴിഞ്ഞകാലത്തിന്റെ ഒരു യാഥാർത്ഥ്യമല്ല. ഇന്നും നാം അവ അനുഭവിക്കുന്നു. പലസമകാലീന രക്തസാക്ഷികളെയും പോലെ രക്തം ചിന്തിയോ, അല്ലങ്കിൽ കുറെകൂടി സൂക്ഷ്മമായ രീതികളിലൂടെയോ, അപവാദങ്ങളും നുണകളും വഴിയോ ഇന്നും
നാം അവ അനുഭവിക്കുന്നു. "എന്നെ പ്രതി എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാണെന്ന്". യേശു പറയുന്നു. മറ്റ് അവസരങ്ങളിൽ മതപീഡനം നമ്മുടെ വിശ്വാസത്തെ പരിഹസിക്കുകയും നമ്മെ വിഡ്ഢികളായി തോന്നിപ്പികത്തക്ക കുത്തുവാക്കുകളിടെ രൂപം സ്വീകരിക്കുകയും ചെയ്യുന്നു. നമ്മുക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാമെങ്കിലും അനുദിനം സുവിശേഷത്തിന്റെ പാത സ്വീകരിക്കുക അതാണ് വിശുദ്ധി.

### ഉന്നതമായ മാനദണ്ഡം

**95.** വിശുദ്ധി മത്തായിയുടെ സുവിശേഷത്തിന്റെ 25-ാം അധ്യായത്തിൽ യേശു കാരുണ്യമുള്ളവരെ ഭാഗ്യവാന്മാരെന്ന് വിളിക്കുന്ന സുവിശേഷ ഭാഗ്യം വിശദമാക്കുന്നു. ദൈവത്തിന്റെ കണ്ണുകൾക്ക് പ്രീതികരമായ വിശുദ്ധി എന്തെന്ന് നാം തേടുന്നെങ്കിൽ നാം വിധിക്കപ്പെടുന്ന വ്യക്തമായ മാനദണ്ഡം എന്തെന്ന് ഈ വചനം വ്യക്തമാക്കുന്നു. എനിക്കു വിശന്നു. നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു. നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു. നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു. നിങ്ങൾ എന്റെയടുത്തു വന്നു.

### ദിവ്യഗുരുവിനോട് വിശ്വസ്തതയോടെ

**96.** അതുകൊണ്ട് വിശുദ്ധി എന്നാൽ ആത്മീയ ഹർഷോന്മാദത്തിൽ ബോധരഹിതനായി വീഴുന്നതല്ല. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പറഞ്ഞതുപോലെ ക്രിസ്തുവിനെക്കുറിച്ചുള്ള ധ്യാനത്തിൽ നിന്നും നാം സത്യമായും നവ്യമായ ഒരു തുടക്കം കുറിക്കുന്നുവെങ്കിൽ അവിടുന്ന്



താദാത്മ്യം പ്രാപിക്കുവാൻ ആഗ്രഹിച്ചവരുടെ മുഖങ്ങളിൽ അവിടുത്തെ സവിശേഷമായി കാണുവാൻ നാം പഠിക്കണം. മത്തായിയുടെ സുവിശേഷത്തിലെ തിരുവചനങ്ങൾ കേവലം ഉപവിപ്രവർത്തനത്തിനുള്ള ഒരു ക്ഷണമല്ല. ക്രിസ്തുരഹസ്യത്തിലേക്ക് പ്രകാശം പരത്തുന്ന ക്രിസ്തുവിജ്ഞാനീയത്തിന്റെ ഒരു താളാണത്. ദരിദ്രരിലും സഹനമനുഭവിക്കുന്നവരിലും അവിടുത്തെ തിരിച്ചറിയുവാനുള്ള ഈ ആഹ്വാനത്തിൽ, ഓരോ വിശുദ്ധനും അനുകരിക്കുവാൻ തേടേണ്ട, ക്രിസ്തുവിന്റെ ആഴമായ വികാരങ്ങളും തെരഞ്ഞെടുപ്പുകളും വ്യക്തമാക്കുന്ന അവിടുത്തെ ഹൃദയം വെളിപ്പെടുന്നതായി നമുക്കു കാണാം.

**97.** യേശുവിന്റെ വിട്ടുവീഴ്ചയില്ലാത്ത ഈ നിലപാടുകളുടെ മുന്നിൽ ക്രൈസ്തവരോട് നിറഞ്ഞ തുറവോടെയും ഉപാധികളില്ലാതെയും അവ അംഗീകരിക്കുവാനും സ്വീകരിക്കുവാനും ആവശ്യപ്പെടേണ്ടത് എന്റെ കടമയാണ്. മറ്റുവാക്കിൽ പറഞ്ഞാൽ , അവയുടെ ശക്തി ചോർത്തുന്ന ഒരു എങ്കിലുകളോ പക്ഷേകളോ, ഇല്ലാതെ. കാരുണ്യമാണ് സുവിശേഷത്തിന്റെ ഹൃദയമിടിപ്പ് എന്നതുകൊണ്ട് ഈ ദൗത്യങ്ങൾ ഇല്ലാതെ വിശുദ്ധി മനസ്സിലാക്കുവാനോ ജീവിക്കുവാനോ കഴിയിലെന്ന് നമ്മുടെ കർത്താവ് വളരെ വ്യക്തമായി പറഞ്ഞു.

**98.** ഒരു തണുത്ത രാത്രിയിൽ തുറസ്സായ സ്ഥലത്ത് ഒരാൾ ഉറങ്ങുന്നതായി കണ്ടുമുട്ടിയാൽ അവനെയോ അവളെയോ എനിക്ക് ഒരു ശല്യമായി കാണാം. ഒരു മടിയനായോ, ഒരു മാർഗതടസ്സമായോ ബുദ്ധിമുട്ടിക്കുന്ന കാഴ്ചയായോ രാഷ്ട്രീക്കാർ പരിഹരിക്കേണ്ട വിഷയമോ പൊതുസ്ഥലത്ത് കൂടിക്കിടക്കുന്ന ചപ്പുചവരായോ അവനെ അല്ലെങ്കിൽ അവളെ എനിക്കു കണക്കാക്കാം. മറിച്ച്, എനിക്ക് വിശ്വാസത്തോടും ഉപവിയോടും കുടി പ്രതികരിക്കാം. എന്നെപ്പോലെ അന്തസ്സുള്ള ഒരു മനുഷ്യവ്യക്തിയായി കണക്കാക്കാം. സ്വർഗസ്ഥനായ പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന,ദൈവത്തിന്റെ ഛായയിലുള്ള സൃഷ്ടിയായി, യേശുക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട സഹോദരനോ സഹോരിയോ ആയി കണക്കാക്കാം. ക്രൈസ്തവനാവുക എന്നാൽ അതാണ് ഓരോ മനുഷ്യ വ്യക്തിയുടെയും അന്തസിന്റെ ഈ ജീവസ്സുറ്റ തിരച്ചറിവിൽ നിന്നും വേർപെടുത്തി വിശുദ്ധിയെ എങ്ങനെയാണ് മനസ്സിലാക്കാനാവുക.

**Continued**

# വിശ്വാസപരിശീലന രംഗം

***"ഞാൻ അവർക്കു വീണ്ടും ഐശ്വര്യം നൽകുകയും അവരുടെമേൽ കരുണ ചൊരിയുകയും ചെയ്യും "(ജറെ 33: 26)***

**2019 വിശ്വാസപരിശീലന വാർഷിക പരീക്ഷ**

2019 ഏപ്രിൽ 13 ന് നടന്ന വിശ്വാസപരിശീലന വാർഷിക പരീക്ഷയിൽ നമ്മുടെ രൂപതയിൽ 1 മുതൽ 12 വരെ പഠിക്കുന്ന 3198 കുട്ടികളാണ് പരീക്ഷ എഴുതിയത്. പരീക്ഷ ഭംഗിയായി നടക്കുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ബഹു. വികാരി അച്ചൻമാരേയും വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ അദ്ധ്യാപകരേയും പ്രത്യേകം നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

- **പ്രധാന അദ്ധ്യാപകരുടെ സമ്മേളനം:**

**2018 മെയ് 14-ാം തിയ്യതി രാവിലെ 10.30** മണിമുതൽ 1.00 മണി വരെ നമ്മുടെ രൂപതയിലെ വിശ്വാസപരിശീലന പ്രധാന അദ്ധ്യാപകരുടെ സമ്മേളനം ജ്ഞാനനിലയത്തിൽവച്ച് നടക്കുന്നതാണ്. എല്ലാ പ്രധാന അദ്ധ്യാപകരും ഈ സമ്മേളനത്തിൽ നിർബ്ബന്ധമായും പങ്കെടുക്കാൻ ശ്രമിക്കുമല്ലോ. വരുമ്പോൾ 2018- 19 വിശ്വാസപരിശീലന വർഷിക റിപ്പോർട്ട് ക്രോഡീകരിച്ച് തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ് ഒപ്പം പുതിയ അദ്ധ്യയന വർഷത്തിലേക്കുള്ള കാര്യപരിപാടികളുടെ മാർഗ്ഗരേഖയും കൊണ്ടുവരേണ്ടതാണ്. (Year Plan)

- **വിശ്വാസപരിശീലന ക്ലാസുകളുടെ ആരംഭം:**

2019 -20 അദ്ധ്യയന വർഷത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ നമ്മുടെ രൂപതയിൽ **ജൂൺ മാസം 2-ാം** തീയതി ആരംഭിക്കുകയാണ്. ഈ അദ്ധ്യയന വർഷത്തിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ അഭിഷേകപ്രദമാകുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു. അദ്ധ്യാപകർ വികാരിയച്ചനോടൊപ്പം, അവരവരുടെ ഇടവകയിൽ വിശ്വാസപരിശീലനം ഏറ്റവും ഫലപ്രദമായി നടത്താൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.



- **മിഷൻലീഗ് വൈസ് ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സും തിരുബാലസഖ്യ പ്രൊമോറ്റേഴ്സിന്റെയും സമ്മേളനം:**

**2019 ജൂൺ മാസം 22 -ാം തിയതി** രാവിലെ 10. 00 മുതൽ 1.00 മണിവരെ നമ്മുടെ രൂപതയിലെ മിഷൻലീഗ് വൈസ് ഡയറക്ടേഴ്സിന്റെയും തിരുബാലസഖ്യ പ്രൊമോറ്റേഴ്സിന്റെയും സമ്മേളനം ജ്ഞാനനിലയത്തിൽവച്ച് നടക്കുന്നതാണ്. എല്ലാ മിഷൻലീഗ് വൈസ് ഡയറക്ടേഴ്സും ആനിമേറ്റേഴ്സും തിരുബാലസഖ്യ പ്രൊമോറ്റേഴ്സും ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ ശ്രമിക്കുമല്ലോ. വരുമ്പോൾ 2018 - 19 മിഷൻലീഗ്, തിരുബാലസഖ്യ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് ക്രോഡീകരിച്ച്, തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്. ഒപ്പം പുതിയ വർഷത്തിലേക്കുള്ള കാര്യപരിപാടികളുടെ മാർഗ്ഗരേഖയും. (Year Plan)

**പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ കുട്ടികളുടെ പ്രതിജ്ഞ**

സർവ്വശക്തനും പിതാവുമായ ദൈവമേ / അങ്ങയിലും / അങ്ങയുടെ ഏകജാതനും / എന്റെ രക്ഷകനുമായ ഈശോമിശിഹായിലും / ജീവദാതാവായ പരിശുദ്ധാത്മാവിലും / ഞാൻ വിശ്വസിക്കുന്നു. ഈശോയെ എന്റെ രക്ഷകനും / നാഥനും / ഗുരുവുമായി ഞാൻ ഏറ്റു പറയുന്നു. ഈശോയുടെ സഭയിൽ അംഗമായിരിക്കുന്നതിൽ / ഞാൻ അഭിമാനിക്കുന്നു. കഴിഞ്ഞ പന്ത്രണ്ട് വർഷം / എനിക്ക് വിശ്വാസപരിശീലനം നൽകി / എന്നെ ഒരു നല്ല ദൈവപൈതലായി / വളർത്തിയ / എന്റെ ഗുരുഭൂതരെയും / ബഹു. വൈദികരെയും / ബഹു. സിസ്റ്റേഴ്സിനെയും / ഞാൻ ബഹുമാനിക്കുകയും / അവരോടുള്ള എന്റെ വിധേയത്വം / ഏറ്റുപറയുകയും ചെയ്യുന്നു. ഇനിയുള്ള എന്റെ ജീവിതകാലം മുഴുവൻ / എനിക്ക് ലഭിച്ച വിശ്വാസത്തെയും / പ്രേഷിത ചൈതന്യത്തെയും / മുറുകെപിടിച്ചകൊണ്ട് / ഒരു നല്ല ക്രിസ്ത്യാനിയും / സഭാസ്നേഹിയുമായി / ജീവിച്ചുകൊള്ളാമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

എന്റെ ജീവിതത്തിൽ / ഏതുവിധത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടിവന്നാലും / വിശ്വാസം കൈവെടിയാതെ, / എന്റെ രക്ഷകനായ ഈശോയ്ക്കുവേണ്ടി / ജീവിക്കുവാനും മരിക്കുവാനും / ഞാൻ സന്നദ്ധനാണ് (സന്നദ്ധയാണ്.) തിരുസ്സഭയുടെ വിഷമ ഘട്ടങ്ങളിൽ /

സഭയോട് ചേർന്ന് നിന്നുകൊണ്ട് / എന്നാലാകുന്ന സഹായം ചെയ്യുമെന്ന് / ഞാൻ വാഗ്ദാനം ചെയ്യുന്നു. എന്റെ മാതൃകാപരമായ / ക്രിസ്തീയ ജീവിതംവഴി / ഞാൻ ആയിരിക്കുന്ന ഇടങ്ങളിലെല്ലാം / ഈശോയെ സാക്ഷ്യപ്പെടുത്താൻ പരിശ്രമിക്കും. ഞാൻ ഏറ്റെടുക്കുന്ന എല്ലാ കാര്യങ്ങളും / ദൈവഹിതമനുസരിച്ച് / ഏറ്റവും ഭംഗിയായി / ചെയ്യുവാൻ ശ്രദ്ധിക്കും. പ്രാർത്ഥനാപൂർവ്വം / എന്റെ ദൈവവിളി കണ്ടെത്തി / അതനുസരിച്ച് / ഒരു നല്ല കത്തോലിക്കാ തിരുസഭാംഗമായി / ജീവിച്ചുകോള്ളാമെന്ന്/ ദൈവതിരുമുമ്പാകെയും / തിരുസഭയുടെ മുമ്പിലും / ഞാൻ പ്രതിജ്ഞ ചെയ്യുന്നു. പരി. കന്യകാ മറിയവും / വി. യൗസെപിതാവും / മാർ തോമാശ്ലീഹായും / സകല വിശുദ്ധരും / മാലാഖമാരും / ഈ പ്രതിജ്ഞ പാലിക്കുവാൻ / എന്നെ സഹായിക്കുമാറാകണമെ. ആമ്മേൻ.

- **ആമുഖ സെമിനാർ:**

നമ്മുടെ രൂപതയിൽ വിശ്വാസപരിശീലന രംഗത്തേക്ക് പുതുതായി കടന്നുവരുന്ന അദ്ധ്യാപകർക്കായുള്ള ആമുഖ സെമിനാർ, **ജൂൺ മാസം 23–ാം തീയതി** ജ്ഞാനനിലയത്തിൽവച്ച് നടക്കുന്നു. ഈ വർഷം പുതുതായി ഈ രംഗത്തേക്ക് വരുന്ന എല്ലാ അദ്ധ്യാപകരും ആമുഖസെമിനാറിൽ ഇതുവരെയും പങ്കെടുത്തിട്ടില്ലാത്ത അദ്ധ്യാപകരും നിർബന്ധമായും ഇതിൽ പങ്കെടുത്ത് സർട്ടിഫിക്കേറ്റ് സ്വന്തമാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അങ്ങനെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ ദൈവാനുഗ്രഹപ്രദമാക്കാൻ എല്ലാവരും പരിശ്രമിക്കണം.

- **ഏയ്ഞ്ചേൽസ് മീറ്റ്:**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം ജ്ഞാനനിലയത്തിൽവച്ച് **മെയ് 26 ന് രാവിലെ 9.30 മുതൽ** ഒരു മണി വരെ നടത്തപ്പെടുന്നതാണ്. കുട്ടികളെ മാതാപിതാക്കളോടൊപ്പമോ മറ്റേതെങ്കിലും രീതിയിലോ സമയത്തു തന്നെ എത്തിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

### യേശുവിനോടൊത്ത് പുതിയ അദ്ധ്യയന വർഷം.

കുട്ടികൾ പുതിയ ക്ലാസുകളിൽ പ്രവേശിക്കുന്നതിനു മുമ്പ് രണ്ട് ദിവസത്തെ ഒരുക്ക ധ്യാനം **യേശുവിനോടൊത്ത് പുതിയ അദ്ധ്യയന വർഷം** എന്ന പ്രോഗ്രം **മെയ്യ 17, 18 തീയതികളിൽ** ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. 7 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ളതാണ്. 17 ന് രാവിലെ 9.30ക്ക് ആരംഭിച്ച് 18 ന് 4 .00 യോടെ സമാപിക്കുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് 200 രൂപയായിരിക്കും



## ചെറുപുഷ്പ മിഷൻലീഗ്

- **അനുസ്മരിക്കുന്ന തിരുനാൾ:**

  വി. റീത്ത (മേയ് 22)

  വി. ജൂലിയ (മേയ് 23)

- **പ്രവർത്തനം**

ഇടവക അതിർത്തിയിലുള്ള പാവപെട്ട കുട്ടികളുടെ ലിസ്റ്റ തയാറാക്കുക.

- **പ്രാർത്ഥനാ നിയോഗം**

ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കുക.

- **സുകൃതജപം**

ഉത്ഥിതനായ ഈശോയേ ഞങ്ങളുടെ രാജ്യത്തെ ഐക്യത്തിലും സമാധാനത്തിലും നയിക്കണമെ.

- **വചനം**

കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിൻെറ മകുടമാകുന്നു; അതു സമാധാനവും ആരോഗ്യവും സമൃദ്ധമാക്കുന്നു. (പ്രഭാ 1: 18)

♦ Mission Sunday Collection

Manipal - 4750.00

## തിരുബാലസഖ്യം

- **അനുസ്മരിക്കുന്ന തിരുനാൾ**

  വി. ഡൊമിനിക്ക് സാവിയോ (മേയ് 6)

  വി. പീറ്റർ സെലസ്റ്റിൻ (മേയ് 19)

• **പ്രാർത്ഥനാനിയോഗം:**

നമ്മുടെ രാജ്യത്ത് നല്ല ഭരണാധികാരികൾ തിരഞ്ഞെടുക്കപ്പെടുന്നതിനു വേണ്ടി പ്രാർത്ഥിക്കുക.

• **സുകൃതജപം:** ഈശോയെ അങ്ങെ രാജ്യം വരണമേ.

• **വചനം**

നിൻെറ കാൽ വഴുതാൻ അവിടുന്നു സമ്മതിക്കുകയില്ല; നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. (സങ്കീ 121 : 3)

**ഫാ. ജോസഫ് മറ്റം**
വിശ്വാസപരിശീലന ഡയറക്ടർ

---

## We pay Our Prayerful Homage to the Departed Souls of those who died in the Terror Attacks in Sri Lanka.





# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 120 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳನ್ನು ಹಾಗೂ 40 ಸೋಂಕಿತ ಮಕ್ಕಳನ್ನು ಗುರುತಿಸಿ ಅವರಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ದಿನಾಂಕ 13.04.19 ರಂದು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತ ಇವರು ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ವಂ. ಫಾ। ಜೋಸ್ ಆಯಾಂಕುಡಿ ಇವರು ಮಕ್ಕಳಿಗೆ ಹಾಗೂ ಪೋಷಕರಿಗೆ ಶುಭವನ್ನು ಹಾರೈಸಿದರು. ಎಸ್.ಡಿ.ಎಮ್ ಕಾಲೇಜು ಉಜಿರೆ ಇಲ್ಲಿನ ಸಮಾಜಕಾರ್ಯ ವಿದ್ಯಾರ್ಥಿಗಳಾದ ಶ್ರೀ ನಂದೀಶ್ ಹಾಗೂ ಶ್ರೀ ನೀಲಕಂಠ ಇವರು ಶಿಕ್ಷಣದ ಮಹತ್ವ ಹಾಗೂ ಪೌಷ್ಟಿಕಾಹಾರದ ಬಗ್ಗೆ ಮಾಹಿತಿಯನ್ನು ನೀಡಿದರು. ಇತರ ವಿದ್ಯಾರ್ಥಿಗಳು ಚಟುವಟಿಕೆಗಳನ್ನು ನಡೆಸಿದರು. ವೈದ್ಯಾಧಿಕಾರಿ ಡಾ। ಮುರಳೀಕೃಷ್ಣ ಇರ್ವತ್ರಾಯರವರು ವೈದ್ಯಕೀಯ ತಪಾಸಣೆಯನ್ನು ನಡೆಸಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 26 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಮೈಕ್ ಸುರಕ್ಷಾ ಯೋಜನೆ:**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕಾಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸರಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ. ಏಪ್ರಿಲ್ ತಿಂಗಳಲ್ಲಿ ರೂ 10,000/– ಧನ ಸಹಾಯ ಬಂದಿದ್ದು ಪೌಷ್ಟಿಕಾಹಾರ ಪೂರೈಕೆ, ಶಿಕ್ಷಣಕ್ಕೆ ನೆರವು ಹಾಗೂ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗಾಗಿ ಸಹಕಾರಿಯಾಗಿದೆ.

**ಸಮೃದ್ದಿ ಯೋಜನೆ:**

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಸ್ವ ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ ಕಾರ್ಯಕ್ರಮಗಳಿಗಾಗಿ ಸಾಲ ಕೊಡುವ ಯೋಜನೆಯಾಗಿದೆ.

ದಿನಾಂಕ 22.03.19 ರಂದು ಕ್ರಾಸ್ ಸಂಸ್ಥೆಯ ಸಮೃದ್ದಿ ಯೋಜನಾಧಿಕಾರಿ ಶ್ರೀ ಅಮಿತ್ ರವರು ಸಂಸ್ಥೆಗೆ ಭೇಟಿ ನೀಡಿದ್ದು ಯೋಜನಾ ದಾಖಲಾತಿಗಳನ್ನು ಪರಿಶೀಲಿಸಿದ್ದಾರೆ ಹಾಗೂ ಕಳಂಜ, ಬಂಗಾಡಿ ಮತ್ತು ಬೆಳ್ತಂಗಡಿ ಕ್ಷೇತ್ರಗಳಲ್ಲಿ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡಕೊಂಡು ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ನಡೆಸುತ್ತಿರುವಂತಹ ಸದಸ್ಯರ ಮನೆ ಬೇಟಿ ಮಾಡಿ ಪರಿಶೀಲನೆ ನಡೆಸಿದ್ದಾರೆ.
ಈ ತಿಂಗಳಲ್ಲಿ ಕಳಂಜ ಹಾಗೂ ಮಿಯ್ಯಾರು ಕ್ಷೇತ್ರದ ಸಂಘದ ಸದಸ್ಯರಿಗೆ ಕಿರು ಉದ್ದಿಮೆ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಗಿದೆ.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ:**

ಮಿಸರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮುಖಾಂತರ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು,ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1411 ಮಂದಿ ಸದಸ್ಯರು ಕಾರ್ಯನಿರ್ವಹಿಸುತ್ತಿದ್ದಾರ

ದಿನಾಂಕ 23.3.2019ರಂದು ಬಾಗ್ಯೋದಯ ಮಹಾಸಂಘದ ವತಿಯಿಂದ ಸದಸ್ಯರಿಗೆ ಗಿಡಮೂಲಿಕ ಔಷದಿಯ ಮಹತ್ವದ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಡಾ। ಮುರಳೀ ಅಮೃತ ಕ್ಲಿನಿಕ್ ನೆಟ್ಟಣ ಇವರು ಮಾಹಿತಿ ನೀಡಿದರು. 37 ಸದಸ್ಯರು ಭಾಗವಹಿಸಿದರು. ಕಾರ್ಯಕರ್ತೆ ಸುಶೀಲ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಖ 23.3.2019ರಂದು ನೆಲ್ಯಾಡಿಯ ದೀಪಾ ಮತ್ತು ಅನುಗ್ರಹ ಸಂಘದ ಸದಸ್ಯರಿಗೆ ಮತ್ತು 16.4.2019ರಂದು ಮರ್ದಾಳದಲ್ಲಿ ತ್ಯಾಜ್ಯ ವಿಲೇವಾರಿಯ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ನೆಲ್ಯಾಡಿ ಗ್ರಾಮ ಪಂಚಾಯತ್‌ನ ಸದಸ್ಯೆ ಶ್ರೀಮತಿ ಉಷಾ ಜೋಯಿ ಮತ್ತು ಶ್ರೀ ರಾಜೇಶ್, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಇವರು ಮಾಹಿತಿ ನೀಡಿದರು. 69 ಸದಸ್ಯರು ಹಾಜರಿದ್ದರು. ಕಾರ್ಯಕರ್ತೆ ಎಲ್ಸಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 26.3.2019ರಂದು ಅಮೂಲ್ಯ ಮಹಾಸಂಘ ನೆಲ್ಯಾಡಿಯಲ್ಲಿ ವಿಶ್ವ ಕ್ಷಯರೋಗ ದಿನದ ಅಂಗವಾಗಿ ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ಇವರು ಆರೋಗ್ಯ ಮತ್ತು ನೈರ್ಮಲ್ಯ, ಕ್ಷಯ ರೋಗದ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು.



ದಿನಾಂಕ 28.3.2019ರಂದು ಬಂಗಾಡಿಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಹಕ್ಕು ಆಧಾರಿತ ಅಭಿವೃದ್ಧಿಯ ಬಗ್ಗೆ ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 8.4.2019ರಂದು ಅಕ್ಷಯ ಮಹಾಸಂಘ ಶಿರಾಡಿಯಲ್ಲಿ ಆರೋಗ್ಯ ಮತ್ತು ನೈರ್ಮಲ್ಯದ ಕುರಿತು ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಪ್ರಾಥಮಿಕ ಆರೋಗ್ಯ ಕೇಂದ್ರದ ವೈದ್ಯಾಧಿಕಾರಿ ಡಾ। ಹರ್ಷಿತ ಇವರು ನೈರ್ಮಲ್ಯ, ವೈಯುಕ್ತಿಕ ಸ್ವಚ್ಛತೆ ಮತ್ತು ಕೈತೊಳೆಯುವ 7 ಹಂತಗಳ ಕುರಿತು ವಿವರಿಸಿದರು. ಹಿರಿಯ ಆರೋಗ್ಯ ಸಹಾಯಕಿ ಶ್ರೀಮತಿ ರಹೇಲಮ್ಮ , ಸಂಯೋಜಕಿ ಶುಭ, ಕಾರ್ಯಕರ್ತೆ ಎಲ್ಸಿ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

**ನವಜೀವನ ಆರೋಗ್ಯ ವಿಮೆ ಯೋಜನೆ:**

3 ಸದಸ್ಯರು ಯೊಜನೆಯ ಪ್ರಯೋಜನ ಪಡೆದಿದ್ದಾರೆ.

**Fr. Joseph Ayamkudy**
Director , DKRDS



# ഫാമിലി അപ്പസ്തോലേറ്റ്

**1. ഏകദിന കൺവെൻഷൻ:**

2019 ഏപ്രിൽ 13 -ാം തീയതി രാവിലെ 9.30 മുതൽ 3.30 വരെ ജ്ഞാനനിലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ബഹു. ഫാ തോമസ് പുതിയറ വി. ബലിയർപ്പിച്ചു. ബഹു. ഫാ. ജോസഫ് മുക്കാട്ട് ക്ലാസ്സുകൾക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

**2. വിവാഹ ഒരുക്ക സെമിനാർ :**

2019 മാർച്ച് 28 മുതൽ 31 - ാം തിയതി 1 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 40 പേർ പങ്കെടുത്തു.

**4. ഹോം മിഷൻ:**

2019 മാർച്ച് 11 - ാം തീയതി വൈകുന്നേരം 5.30 മുതൽ 13 -ാം തീയതി വൈകുന്നേരം 5 മണിവരെ ബട്ട്യാൽ ഇടവകയിലും, 2019 ഏപ്രിൽ 7 - ാം തീയതി മുതൽ 9 - ാം തീയതി വരെ ഹൊസ്കോട്ടെ ഇടവകയിലും ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

**5. ബിബ്ളിയാ 2017:**

ബിബ്ളിയാ-2018 സുഭാഷിതങ്ങൾ പകർത്തി എഴുതാൻ നടത്തിയ മത്സരത്തിൽ മാതാപിതാക്കൾ, യുവജനങ്ങൾ, സന്യസ്തർ, കുട്ടികൾ എന്നീ വിഭാഗത്തിലായി 589 പേർ പങ്കെടുത്തു. വിജയികളായവരുടെ പേരുകൾ താഴെ ചേർക്കുന്നു.

**മാതാപിതാക്കളുടെ വിഭാഗം**

ഒന്നാം സ്ഥാനം : സുനി തോമസ് കാട്ടിപ്പള്ള
രണ്ടാം സ്ഥാനം : ശിൽപ മനോജ് പനച്ചിക്കൽ ഗണ്ടിബാഗിലു
മൂന്നാം സ്ഥാനം : അനിതാ സ്കോട്ട് ഗണ്ടിബാഗിലു

**യുവജനങ്ങളുടെ വിഭാഗം**

ഒന്നാം സ്ഥാനം : അനുഗ്രഹ എം. ബിജു മറ്റപ്പള്ളി തോട്ടത്താടി
രണ്ടാം സ്ഥാനം : ഏയ്ഞ്ചൽ മരിയഭവൻ ഗുത്തിഗാർ
മൂന്നാം സ്ഥാനം : ജിനി അമ്മനത്തിൽ ഉജിരെ



**സന്യസ്ഥരുടെ വിഭാഗം**

ഒന്നാം സ്ഥാനം : സി. സുബിൻ ജോസ് എസ്.ഡി ബെൽത്തംഗഡി
രണ്ടാം സ്ഥാനം : സി. ലിൻസി ആൻഡ്രൂസ് എസ്.എച്ച്. ബെൽത്തംഗഡി
മൂന്നാം സ്ഥാനം : സി. ഡെയ്സി തോമസ് എഫ്.സി.സി. തോട്ടത്താടി

**കുട്ടികളുടെ വിഭാഗം**

ഒന്നാം സ്ഥാനം : ട്രീസ നന്ദളത്ത് ഗണ്ടിബാഗിലു
രണ്ടാം സ്ഥാനം : ക്രിസ്റ്റീന പുത്തൂർ
മൂന്നാം സ്ഥാനം : ആൻ മരിയ ഗണ്ടിബാഗിലു

**6. കേശദാനം സ്നേഹദാനം**

അവയവദാനം പോലെതന്നെ മഹത്തരമായ സന്ദേശമാണ് മുടിദാനവും പുത്തൻ തലമുറയ്ക്കു നല്കുന്നത്. ക്യൻസർ രോഗികൾ കീമോതെറാപ്പിക്കു വിധേയരാകുമ്പോൾ അവരുടെ മുടി കൊഴിയുന്നു. ഇതു രോഗികൾക്കു വലിയ മനോവിഷമത്തിനും വീട്ടിൽ ഒതുങ്ങിക്കൂടുന്നതിനും കാരണമാകുന്നു. ചിലപ്പോൾ ഇതു ചികിത്സയെപ്പോലും ബാധിക്കുന്നു. സ്വഭാവിക മുടികൊണ്ടുതന്നെ വിഗ്ഗ് തയ്യാറാക്കി സൗജന്യമായി നല്കി ക്യാൻസർ രോഗികളിൽ പ്രതീക്ഷ പകരുന്നതിനും സ്നേഹ സന്ദേശം അറിയിക്കുന്നതിനുമുള്ള സാഹചര്യമാണ് മുടി ദാനത്തിലൂടെ തൃശ്ശൂർ അമല ക്യാൻസർ സെന്ററുമായി സഹകരിച്ചുകൊണ്ട് ബെൽത്തംഗഡി ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കുന്നത്.

**നിങ്ങൾക്കും പങ്കാളികളാകാം**

ക്യാൻസർ രോഗികൾക്കു സൗജന്യമായി വിഗ്ഗ് നിർമ്മിച്ചു നല്കുന്നതിനു മുടിദാനം ചെയ്യുവാൻ താത്പര്യമുള്ളവർ രൂപതാ ഫാമിലി അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. **9741505975/ 7022823620**

**മുടിദാനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. രാസപ്രക്രിയയ്ക്കു വിധേയമായ മുടിയാകരുത്.
2. 12 ഇഞ്ച് മുതൽ 24 ഇഞ്ച് വരെ മുടി ദാനം ചെയ്യാം.
3. എണ്ണമയമില്ലാത്ത കഴുകിയുണങ്ങിയ മുടിയായിരിക്കണം.
4. മുടി ദാനം ചെയ്യുന്നവർ സമ്മതിദാന പത്രികയിൽ ഒപ്പു വച്ചു നല്കേണ്ടതാണ്.
5. മെയ് 25-ാം തിയതി ജ്ഞാനനിലയത്തിൽ വച്ചു നടക്കുന്ന കേശദാന സംഗമത്തിലാണ് മുടി നല്കേണ്ടത്.

**7. തീർത്ഥാടനം :**

2019 മെയ് 8,9,10,11 (8 - ാം തിയതി വൈകുന്നേരം 6 മണി മുതൽ 11 -ാം തിയതി രാവിലെ 8.30 വരെ) തീയതികളിലായി മലയാറ്റൂർ തീർത്ഥാടനവും കേരളത്തിലെ വിവിധ തീർത്ഥാടന ദേവാലയങ്ങളും സന്ദർശിക്കുന്നു. കൊടുങ്ങല്ലൂർ, ചമ്പക്കുളം, തങ്കിപ്പള്ളി, ഈരപ്പള്ളി എന്നീ ദേവാലയങ്ങളും, ബോട്ടിംഗും ഉണ്ടായിരിക്കുന്നതാണ്. വരുവാൻ ആഗ്രഹിക്കുന്നവർ മെയ് 5 നു മുമ്പായി ഫാമിലി അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. 3500 രൂപ. ഈ നമ്പറിലേക്ക് വിളിച്ച് ബുക്ക് ചെയ്യുക. **9741505975/ 9901226056/ 9901225422.**

**8. ഏകദിന കൺവെൻഷൻ :**

2019 മെയ് 18 -ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് ഏകദിന കൺവെൻഷനും കൗൺസിലിംഗും നടത്തപ്പെടുന്നു.

**9. പിതൃവേദി ഇടവകാതല തിരഞ്ഞെടുപ്പ് : അഭിനന്ദനങ്ങൾ.**

പിതൃവേദി സംഘടന ശക്തമാക്കുന്നതിനുവേണ്ടി ഇടവക, ഫൊറോന തലങ്ങളിൽ അഞ്ചംഗ കമ്മിറ്റി (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേയ്ക്ക്) ഭാരവാഹികളെ തിരഞ്ഞെടുത്ത എല്ലാ വൈദികർക്കും നന്ദി അതോടൊപ്പം പുതിയഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. മെയ് 28 -ാം തീയതിക്ക് മുമ്പായി ഫൊറോനാതലത്തിലും ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

**10. മാതൃവേദി ഇടവകാതല തിരഞ്ഞെടുപ്പ് : അഭിനന്ദനങ്ങൾ.**

2019-2021 വർഷത്തേക്കുള്ള മാതൃവേദി ഭാരവാഹികളെ തിരഞ്ഞെടുത്ത എല്ലാ വൈദികർക്കും നന്ദി അതോടൊപ്പം പുതിയഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. മെയ് 30 -ാം തീയതിക്കു മുമ്പായി ഫൊറോനാ തലത്തിൽ ഭാരവാഹികളെ തിരഞ്ഞെടുക്കുക.

**ഫാ.തോമസ് പുതിയറ**
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്



# യൂത്ത് അപ്പസ്തോലേറ്റ്

**1. ഇടവകാതല തിരഞ്ഞെടുപ്പ് :**

2017-19 വർഷം ഇടവകാതലത്തിൽ സുദീർഘമായ സേവനം ചെയ്ത എല്ലാ എസ്.എം. വൈ.എം. ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. 2019-2021 വർഷത്തേക്കുള്ള ഇടവകാതല ഭാരവാഹികളെ ഏപ്രിൽ മാസത്തിലും ഫൊറോനാതല ഭാരവാഹികളെ മെയ് മാസത്തിലും തിരഞ്ഞെടുക്കേണ്ടതാണ്. ഇടവകാതലത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽസെക്രട്ടറി, സെക്രട്ടറി, ട്രഷറർ, കൗൺസിലർ മെയിൽ, കൗൺസിലർ ഫീമെയിൽ എന്നീ സ്ഥാനങ്ങളിലേയ്ക്ക് ഭാരവാഹികളെ തിരഞ്ഞെടുക്കുക.

**3. ദി ലൈഫ് :**

2019 ഏപ്രിൽ 16- ാം തിയതി രാവിലെ 9.30 മുതൽ 17 -ാം തീയതി 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് +2 ൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി ദി ലൈഫ് എന്ന പ്രോഗ്രാം നടത്തപ്പെട്ടു. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന ക്ലാസ്സുകൾ, ലൈഫ് ഓറിയന്റേഷൻ പരിപാടികൾ, കൗൺസിലിംഗ്, എന്നിവ നടത്തപ്പെട്ടു. ഇതിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും നന്ദി.

**4. 40-ാം വെള്ളി മലകയറ്റം:**

ഏപ്രിൽ 12 -ാം തീയതി നടന്ന 40-ാം വെള്ളി ദേവഗിരി, ഹെഗ്ഗള മലകയറ്റത്തിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും അതിനു നേതൃത്വം നൽകിയ എല്ലവർക്കും നന്ദി.

**ഫാ. തോമസ് പുതിയറ**
ഡയറക്ടർ, SMYM

# KSMCA

ബെൽത്താംഗഡി രൂപതയിലെ ദക്ഷിണ കന്നട ഡിസ്ട്രിക്ടിലുള്ള ഇടവകളിലെയും കെ.എസ്. എം. സി എ. സംഘടനയുടെ ഭാരവാഹികൾക്കായി 7 -04- 2019 നെല്ലിയാടി ബെഥനി ജ്ഞാനോദയ കോളജ് ഓഡിറ്റോറിയത്തിൽ വച്ച് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കപ്പെട്ടു.

സംഘടനയുടെ ഡിസ്ട്രിക്ട ഭാരവാഹികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ സമ്മേളനം രാവിലെ 8-30 ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയുസ് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

രാവിലെ 10.30 ന് പ്രാർത്ഥനയോടെ ആരംഭിച്ച് സമ്മേളനത്തിന് ഡിസ്ട്രിക്ട പ്രസിഡണ്ട് ശ്രീ. ജോസ് കിഴക്കയിൽ സ്വാഗതവും ഡിസ്ട്രിക്ട ഡയറക്ടർ ഫാ. കുര്യക്കോസ് വെട്ടുവഴി ആമുഖ സന്ദേശവും നല്കി. സമ്മേളനത്തിന് രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി ദീപം തെളിയിച്ച് ഉദ്ഘാടന സന്ദേശം നല്കി. തുടർന്ന റൂബി ജൂബിലി ആഘോഷിക്കുന്ന വന്ദ്യ പിതാവിന് ആശംസകൾ നേരുകയും ഫലപുഷ്പങ്ങൾ നല്കി ആദരിക്കുകയും ചെയ്തു. കെ.എസ്. എം. സി .എ രൂപതാ പ്രസിഡന്റ് ശ്രീ. സെമ്പാസ്റ്റ്യാനും, ശ്രീ. ബെറ്റി നെടുനിലവും ആശംസകൾ നേർന്നു.

കെ.എസ്. എം. സി. എ. യുടെ ദക്ഷിണ കന്നട ജില്ലയിൽ മികച്ച യൂണ്ണിറ്റുകൾക്ക് അവാർഡ് നൽക്കുകയുണ്ടായി. ഏറ്റവും നല്ല ഡിസ്റ്റിക്ടിലെ യൂണിറ്റായി ഗുത്തിഗാറും, നല്ല പ്രസിഡന്റായി ശ്രീ. ജോസഫ് എൻ. വി (സുള്ള്യ). ഏറ്റവും നല്ല സെക്രട്ടിറയായി ജോസ് ചാക്കോ (ഉജിരെയും) ഏറ്റവും നല്ല ട്രഷററായി ജോയി (ദേവഗിരിയും) തിരഞ്ഞെടുക്കപ്പെട്ടു.

**താലൂക്കുകൾ ആടിസ്ഥാനത്തിൽ**

നല്ല താലുക്കായി സുള്ള്യയും പൂത്തുർ താലൂക്കിലെ മികച്ച പ്രസിഡന്റായി ശ്രീ. മൈക്കിൾ കറ്റക്കാലും മികച്ച സെക്രട്ടറിയായി ശ്രീമതി രഞ്ചിത മികച്ച ട്രഷറൊയി ശ്രീമതി ശോഭ ജോസഫും അവാർഡുകൾക്ക് അർഹരായി. തുടർന്ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അൽമയർ സഭയുടെ മുന്നിൽ നിന്ന് പ്രശോഭിതരാകേണ്ടവരാണെന്നും സഭയിൽ ആയി





രുന്ന് കൊണ്ട് എങ്ങനെ സഭ സമൂദായത്തെ ക്രൈസ്തവ കാഴ്ച്ചപാടോട് കൂടി നയിക്കാം എന്ന് ഉദ്ഘോഷിച്ചു. ഉദാ..... യഹൂദ സമൂദയത്തിന്റെ കെട്ടുറപ്പും, കഠിനധ്വാനവും സ്വായത്തമാക്കുന്നത് ഓർമ്മിപ്പിക്കുകയുണ്ടായി. അതുപോലെ അൽമയാർ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് മനസ്സിലാക്കാൻവേണ്ട ആർജവത്വം സ്വയത്തമാക്കണമെന്ന് ഓർമ്മിപ്പിക്കുകയുണ്ടായി.

ഉച്ച ഭക്ഷണത്തിനുശേഷം കോഴികോട് ദേവഗിരി കോളേജ് റിറ്റയർട് പ്രൊഫസർ ശ്രീ ചാക്കോ കളാപറമ്പിൽ, സഭയുടെ ശക്തി അൽമയരണെന്നും ആ ശക്തിയാൽ അൽമയർ മുന്നേറണമെങ്കിൽ അടിയുറച്ച വിശ്വാസത്തിൽ വളർന്ന് വിശ്വാസവും ഐക്യബോധവും ഉള്ളവരായി സഭയുടെ കരുത്ത് ലോകത്തിന് കാണിച്ച് കൊടുക്കേണ്ടവരാണെന്നും ബോദ്ധ്യപ്പെടുത്തി കൊടുത്തു.

ഏകദിന സെമിനറിന്റെ വിജയത്തിനായി ലക്ഡിപ്പ് ഡ്രോ നടത്തുകയുണ്ടായി. സമ്മാനങ്ങൾക്ക് അർഹരയവരുടെ നമ്പറുകൾ ചുവടെ ചേർക്കുന്നു. **1. 1506 2. 4292 3. 2167**


## Consolation Prizes

3027 ; 1072 : 3369; 2723; 1547; 1261; 3383; 1001: 3946 ;1877 എന്നി നമ്പറുകളും കരസ്തമാക്കി.

നെല്ലിയാടിയിൽ നടന്ന കെ.എസ്. എം. സി. എ. യുടെ ഭാരവഹികൾക്കായുള്ള ഏകദിന പരിപാടികൾക്ക് എന്റെ വലംകൈയായി അഹോരാത്രം സേവനം ചെയ്ത ശ്രീ. ജോസ് കിഴക്കെലിനെയും, ശ്രീ. ബിജു അഗസ്റ്റിനെയും നന്ദിയോടെ ഓർക്കുന്നു. ഇവർ രണ്ടു പേരുടെയും കഠിനധ്വാനമാണ് കെ.എസ്. എം. സി. എ. യെ ദക്ഷീണ കന്നട ഡിസ്ട്രിക്ട് വിജയത്തിന്റെ പിന്നിൽ. ദക്ഷീണ കന്നടയിലുള്ള എല്ലാ യുണിറ്റ്കൾ സന്ദർശിക്കുകയും വേണ്ട നിർദേശങ്ങൾ നല്ക്കുകയും ചെയ്ത്തതിനലാണ് ഇത്രയും അംഗങ്ങളെ ഈ സമ്മെളത്തിന് കൊണ്ടു വരാൻ സാധിച്ചത്. ഒരിക്കൽ കൂടി ദക്ഷീണ കന്നട ഡിസ്ട്രിക്ടിലുള്ള എല്ല കെ.എസ്. എം. സി. എ. എല്ലാ ഭാരവഹികളൾക്കും നന്ദി.

**Rev. Fr. Kuriakose Vettuvazhy**
D.K. District Director, KSMCA

# Obituary



**Shri K. M. Mani Sir**

| | | |
|---|---|---|
| Date of birth | : | 30.01.1933 |
| M.L.A. | : | 1965-2019 |
| Died on | : | 09.04.2019 |



## ഇടവക വാർത്തകൾ

**അജപാലന സന്ദർശനം**

മാർച്ച് മാസം 31- ഏപ്രിൽ 1 എന്നീ തീയതികളിൽ നെല്ലിയാടി വി. അൽഫോൻസമ്മയുടെ ഇടവക ദേവാലയത്തിൽ അഭി. പിതാവ് ഇടയ സന്ദർശനം നടത്തി. രാവിലെ 8.15 ന് ഇടവക ജനങ്ങളെല്ലാവരും ചേർന്ന് അഭി. പിതാവിന് സ്വീകരണം നൽക്കുകയും തുടർന്ന് ഇടവകയിൽ നിന്നും മരിച്ച് പോയവർക്ക് വേണ്ടി പിതാവ് പ്രത്യേകം പ്രാർത്ഥനകൾ നടത്തി. സിമിത്തേരി സന്ദർശിച്ച് വി.ബലി അർപ്പിക്കുകയും, സന്ദേശം നല്കുകയും ചെയ്തു. വി.ബലിക്ക് ശേഷം ഇടവകയിലെ എല്ല കുട്ടികളെയും കണ്ട് പിതാവ് കൊച്ചു വിശുദ്ധർ ആയിത്തീരുന്നതിലെ മാഹത്മ്യം അവർക്ക് ബോധ്യപ്പെടുത്തി കൊടുത്തു. ഇടവകയിലെ അമ്മമാരോട് കുട്ടികളുടെ വളർച്ചയിൽ അവർക്കുള്ള പ്രാധാന്യത്തെ പറ്റി സംസാരിച്ചു. തുടർന്നു നടന്ന പൊതുയോഗത്തിൽ 64 കുടുംബ നാഥൻമാർ പങ്കെടുത്തു. സമൂഹത്തിന്റെ സമൂഹിക പ്രശ്നങ്ങൾ, കെ.സ്. എം.സിയുടെ നേതൃത്വത്തിൽ നേരിടുന്നതിനെ പറ്റിയും, വിവിധ റീത്തുകളുടെ പ്രത്യേകത, പുരാന്തന ക്രിസ്തീയ കുടുംബങ്ങളിൽ ഉണ്ടായിരുന്ന സവിശേഷതകൾ,എന്നിവയെക്കുറിച്ച് എല്ലാ സംഘടനകൾക്കും വിശദമാക്കികൊടുത്തു. വൈകുന്നേരം കൂടിയ മതസൗഹാർദ്ദ യോഗത്തിൽ ഏകദേശം 8 അക്രൈസ്തവർ പകെടുത്തു. അക്രൈസ്തവരുടെ ഇടയിൽ നെല്ലിയാടി ഇടവകയിലെ വിശ്വാസികളുടെ മഹത്തായ സാന്നിദ്ധ്യത്തെയും വിദ്യാഭ്യസ മേഖലയിലും ആതുര ശുശ്രൂഷ രംഗത്തും അവർ കാഴ്ച്ച വെച്ച അകമൊഴിഞ്ഞ സേവനത്തെ അവർ നന്ദിയോടെ അനുസ്മരിച്ചു. ഒരു മലയോര പ്രദേശത്ത് ജീവിക്കാനുള്ള എല്ലാ ഭക്ഷ്യസാധനങ്ങളെയും സ്വന്തമായി ഉദ്പാദിപ്പിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ പഠിച്ചത് ക്രൈസ്തവരിൽ നിന്നാണ് എന്ന് തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് അവർ പറഞ്ഞു. ഇടവകയിൽ രോഗികളായി കഴിയുന്ന 8 പേരെ ഇടവക ദേവലയത്തിലേക്ക് ഉച്ച കഴിഞ്ഞ് കൂട്ടി കൊണ്ടു വന്നു. അഭി. പിതാവ് അവരോട് സംസാരിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വികാരി. ബഹു. ജോസഫ് പുതിയെടത്തച്ചനും, അസി. വികാരി ബഹു. മാത്യു കൊട്ടരാത്തിലാച്ചനും ബഹു. എസ് .എച്ച് സിസ്റ്റേഴ്സും, കൈക്കാരന്മാരും, കമ്മിറ്റിയഗംങ്ങളും എല്ലാം മനോഹരമായി ക്രമീകരിക്കയുണ്ടായി.

**നാല്പതാം വെള്ളി ആചരണം**

**1. ദേവഗിരി :**

നാല്പതാം വെള്ളി ആചരണത്തിന്റെ ഭാഗമായി ദേവഗിരി ഇടവകയിൽ മലകയറ്റം ഏപ്രിൽ മാസം 12 തീയ്യതി നടത്തപ്പെട്ടു. രാവിലെ 7. 00 മണിക്ക് ബൽത്തംഗഡി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവ് വി. ബലി അർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് 8 മണിക്ക് ദേവാലയത്തിൽ നിന്നും മല മുകളിലെക്ക് കുരിശിന്റെ വഴി അരംഭിച്ചു. മലമുകളിൽ വച്ച് സമാപന ആശീവ്വാദം ഉണ്ടായിരുന്നു. നോമ്പുനോക്കി ഉപവാസമെടുത്ത് അനേകം വൈദികരും, സമർപ്പിതരും, അൽമായരും പങ്കെടുത്തു. മല ഇറങ്ങി വന്നവർക്ക് നേർച്ച ഭക്ഷണം ഉണ്ടായിരുന്നു. ഏകദേശം 1200 പേർ പങ്കെടുത്തു. വികാരി ബഹു. ജോസഫ് ചിരൻ, എസ്.എ.ബി.എസ് സിസ്റ്റേഴ്സ്, പാരിഷ് കൗൺസിൽ അംഗങ്ങൾ, യുവജനങ്ങൾ, ഇടവകാംഗങ്ങൾ എന്നിവർ ഇതിന് നേതൃത്വം നല്കി.

**2. ഹെഗ്ഗള :**

നാല്പതാം വെള്ളി ആചരണത്തിന്റെ ഭാഗമായി ഭാഗമായി കോഡഗു വി. യുദാശ്ലീഹായുടെ ദേവാലയത്തിൽ മലകയറ്റം ഭക്തി നിർഭരമായി നടത്തപ്പെട്ടു. ഈശോയുടെ പീഡാസഹനത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് വിലാപ യാത്രയായി മലമുകളിലെക്ക് എല്ലാവരും പോയി. ഉപവസിച്ചും നോമ്പ് അനുഷ്ഠിച്ചും കൊച്ചു കൊച്ചു ത്യാഗ പ്രവൃർത്തികളിലൂടെ എല്ലാവരും കുരിശു മലകയറ്റത്തിൽ പങ്കെടുത്തു. ബഹു. ഫാ. ജോസഫ് മറ്റത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നല്കി.ഏകദേശം 500 പേർ പങ്കെടുത്തു. വികാരി ബഹു. ഫാ. മാത്യു താഴെക്കാട്ടിൽ, ബഹു. ഏസ്. എച്ച് സിസ്റ്റേഴ്സ്, ഇടവകാകംഗങ്ങൾ എന്നിവർ ചേർന്ന് എല്ലാ കാര്യങ്ങളും ക്രമികരിക്കുകയുണ്ടായി.

**3. ജഡ്ക്കൽ :**

ജഡ്ക്കൽ ഫോറോനയിൽ, ജഡ്ക്കൽ മൂദുർ എന്നീ ഇടവകയിലെ ജനങ്ങളും ഒന്ന് ചേർന്ന് രാവിലെ 8 മണിക്ക് വിശാംപാറ നിന്നും (ജഡ്ക്കലിൽ) മൂദുരിലെക്ക് കുരിശിന്റെ വഴി അരംഭിച്ചു. മുദുരിൽ




വച്ച് ബഹു. അഗസ്റ്റിൻ പൊട്ടൻകുളങ്കരയാച്ചൻ പീഡാനുഭവ സന്ദേശം നല്കി. നിരവധിപേർ ഈ വിലാപയാത്രയിൽ പങ്കെടുത്തു. ബഹു. വർഗ്ഗീസ് പുതിയെടത്താച്ചന്റെയും മറ്റ് വൈദികരുടെയും നേതൃത്വത്തിൽ എല്ലാ മനോഹരമായി ക്രമീകരിച്ചു.

**വലിയാഴ്ച്ചയിലെ തിരുകർമ്മങ്ങൽ**

രൂപതയിലെ എല്ലാ ഇടവകകളിലും ഓശന തുടങ്ങി ഈസ്റ്റർ വരെയുള്ള തിരുകർമ്മങ്ങൾ ഭക്തി പുർവ്വം ആഘോഷിക്കാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുകയുണ്ടായി. ഓശനയുടെ കൂരുത്തോല വെഞ്ചിരിപ്പ്, കാലുകഴുകൽ ശുശ്രൂഷ, കുരിശിന്റെ വഴി, ഈസ്റ്ററിന്റെ ആഘോഷങ്ങൾ, എന്നിവ ഭക്തി പൂർവ്വം ആചാരിച്ചു. അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് വലിയാഴ്ച്ചയുടെ കർമ്മങ്ങൾക്ക് കത്തിഡ്രൽ ദേവാലയത്തിൽ നേതൃത്വം നല്കി.

## Prayerful Homage

**(1921- 2019)**



Bishop Abraham Mattam V.C., Bishop Emeritus of Satna

| | | |
|---|---|---|
| Born on | : | 21st November, 1921 |
| Ordination | : | 15th March, 1950 |
| Ordained Bishop | : | 30th April, 1977 |
| Retirement | : | 14th January, 2000 |
| Died on | : | 16th April, 2019 |

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

# ഏപ്രിൽ 2019

1. നെല്ലിയാടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

2.- 3 രൂപതാ വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

3 രാവിലെ കത്തീഡ്രൽ ദേവായലത്തിൽ വച്ച് നടത്തപ്പെട്ട മൂറോൻ വെഞ്ചിരിപ്പിന് മുഖ്യകാർമ്മികത്വം വഹിച്ചു.

04 സിദ്ധപൂറം ഇടവകയിലെ വൈദിക മന്ദിരവും അജപാലന ഭവനവും ആശീർവ്വദിച്ചു.

05 തലശ്ശേരി മെത്രാസന മന്ദിരത്തിൽ തലശ്ശേരി അതിരൂപതാ മെത്രാൻമാരുടെ യോഗത്തിൽ പങ്കെടുത്തു.

06 കരുവഞ്ചാൽ വൈദിക മന്ദിരം സന്ദർശിച്ചു.

07 നെല്ലിയാടിയിൽ വച്ചു നടന്ന കെ. എസ്. എം . സി. എ. ജില്ല തല ഭാരവാഹികളുടെ നേതൃത്വ പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്യതു സന്ദേശം നല്കി : വൈകുന്നേരം 7 മണിക്ക് ജ്ഞാന നിലയത്തിൽ വച്ചു നടന്ന ദൈവവിളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

10 രൂപതാ ദൈവവിളി ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് സെമിനാരിയിലേയ്ക്കുള്ള പുതിയ അർത്ഥികളെ Interview നടത്തി.

11 രൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്യാസിനി സമൂഹത്തിലെ മേജർ സുപ്പീരിയെഴ്സ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.



12 രാവിലെ 7.00 മണിക്ക് ദേവഗിരി വി. യുദാശ്ലീഹായുടെ ദേവാലയത്തിൽ 40 - ാം വെള്ളിയാഴ്ച്ചയോട് അനുബന്ധിച്ച് നടന്ന വി. ബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നല്കി അനുഗ്രഹിച്ചു.

13 വൈകുന്നേരം ബൽത്തംഗഡി ടൗൺ ഹാളിൽ വച്ച് മഞ്ജു ശ്രീ. സെമിനാർ ചെമ്പറിന്റെ വാർഷിക പൊതുയോഗത്തിൽ സംബന്ധിച്ചു. പുതിയ ഭാരവഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

14 രാവിലെ: കത്തീഡ്രലിൽ വച്ച് ഓശാന ഞായർ തിരുകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 ബെൽത്തംഗഡി സെന്റ് ലോറൻസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ചു നടന്ന കെ. എസ്. എം. സി. എ. വാർഷിക പൊതുയോഗത്തിൽ സന്ദേശം നല്കി.

16 കത്തീഡ്രൽ ദേവാലയത്തിൽ വച്ച് രൂപതാ വൈദിക വിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങൾ നൽകുന്ന ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു സന്ദേശം നല്കി.

18- 21 കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വലിയ ആഴ്ച്ചയുടെ തിരുകർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

20 അകാല ചരമ മടഞ്ഞ അദ്ധ്യാപികയായ മിനി വാഴപള്ളിയുടെ മൃത സംസ്കാര ശുശ്രൂഷയിൽ കുട്ട്രുപാടിയിൽ പങ്കെടുത്തു.

23 ഉച്ച കഴിഞ്ഞ് KET മീറ്റിംഗിൽ പങ്കെടുത്തു

24 വൈകുന്നേരം 4-30 ന് കുത്തുപറമ്പ് കോളെജിൽ അഭി. പിതാവിന്റെ അദ്ധ്യാപകരെ സന്ദർശിച്ചു. തലശ്ശേരിയിൽ വച്ച് നടന്ന വി. ഗീവർഗ്ഗീസിന്റെ തിരുനാൾ ആഘോഷത്തിൽ പങ്കെടുക്കുകയും വി. ഗീവർഗ്ഗീസിന്റെ നാമധാരികളായ അഭിവന്ദ്യ പിതാക്കന്മാർക്ക് ആശംസകളർപ്പിക്കുകയും ചെയ്തു.

27 രാവിലെ: ജ്ഞാനനിലയത്തിൽ വച്ച് അൽത്താര ബാലൻമാർക്കായി വി.. ബലിയർപ്പിച്ച് സന്ദേശം നൽകി. : വൈകു

ന്നേരം കൽമക്കി ഇടവകയിൽ വച്ച് നടത്തപ്പെട്ട മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ് സന്ദർശിക്കുകയും അവരുമായി കൂടിക്കാഴ്ച്ച നടത്തകയും ചെയ്തു.

28 രാവിലെ : കൽമക്കി ഇടവകയിൽ വച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി, മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കുചേർന്നു. വൈകുന്നേരം : മുദുർ പള്ളിയുടെ ഇടവക ദിന ആഘോഷത്തിൽ വി. ബലി അർപ്പിക്കുകയും നവീകരിച്ച സെമിത്തേരി വെഞ്ചരിപ്പ് നടത്തുകയും ചെയ്തു.

29 ജഡ്ക്കൽ ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ആഘോഷമായ വി. കുർബ്ബാന സ്വീകരണ കർമ്മത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ച് മനോഹരമായ സന്ദേശം നല്കി കുട്ടികൾക്ക് ആശംസകൾ അർപ്പിച്ചു.

30 രാലിലെ ഉജിരെ സെന്റ് ആന്റണിസ് പള്ളിയിൽ വച്ചു നടന്ന ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നല്കി. ഉച്ച കഴിഞ്ഞ് : ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ Catechetical മീറ്റിംഗിൽ പങ്കെടുത്തു.



# Bishop's Diary

## May-2019



| | |
|---|---|
| 1 | Morning : Ujire |
| 2 | Afternoon : Nettana : Church Blessing |
| 3-4 | Engaged |
| 5 | Bangady |
| 6 | Belthangady : KET Meeting |
| 8 | Belthangady : Morning : 10.00 am : DKRDS Governing Body<br>: 11.30 am : DKRDS General Body |
| 11 | Nellyady |
| 12 | Sampaje |
| 13 | Sullia |
| 14 | Belthangady : Jnananilaya : HM Conference |
| 15 | Puttur : Minor Seminary |
| 16 | Gandibagilu |
| 19 | Velimanam |
| 20 | Borimar |
| 21 | Belthangady : Jnananilaya : CML Forane Directors' Meet |
| 22 | Engaged |
| 24-25 | Belthangady : Jnananilaya : KRST |
| 26 | Morning : Belthangady : Jnananilaya : Angels' Meet<br>Afternoon : Shirlal : Blessing of the Presbytery |
| 29 | Tellicherry |